# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2021-23)

### നാല്പത്തിനാലാമത് റിപ്പോർട്ട്

**(2023 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

[സമിതി (2009-11) യുടെ ഇരുപത്തിനാലാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

FCB-5g/RBR/lfac/2023

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-23)

## നാല്പത്തിനാലാമത് റിപ്പോർട്ട്

**(2023 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

[സമിതി (2009-11) യുടെ ഇരുപത്തിനാലാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

FCB-5g/RBR/lfac/2023

## ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | I |
| അനുബന്ധം I: പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും | | 59 |
| അനുബന്ധം II: സർക്കാർ സ്വീകരിച്ച നടപടി | | 62 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-23)

**ഘടന**

**അദ്ധ്യക്ഷൻ**

ശ്രീ. ടി. പി. രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. ഷാജി. സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽകുമാർ ബി., അണ്ടർ സെക്രട്ടറി

sar

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-23)യുടെ നാല്പത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2009-2011)യുടെ (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002 മുതൽ 2005 വരെയുള്ള സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള ആലപ്പുഴ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2023 ആഗസ്റ്റ് മാസം 8-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

**ടി. പി. രാമകൃഷ്ണൻ,**
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2023 ആഗസ്റ്റ് 10.

# റിപ്പോർട്ട്

## അദ്ധ്യായം I

**1.1** ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-11) യുടെ ഇരുപത്തിനാലാമത് റിപ്പോർട്ടിലെ (സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002 മുതൽ 2005 വരെയുള്ള സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള ആലപ്പുഴ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്) - ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

**1.2** ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-11) യുടെ 24-ാമത് റിപ്പോർട്ട് 2010 മാർച്ച് മാസം 11-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 49 ശിപാർശകളാണുള്ളത്. പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സർക്കാർ മറുപടികളും അവയിന്മേലുള്ള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പുകളും 26.10.2017, 17.10.2018 (തെളിവെടുപ്പ്) 25.08.2021, 09.05.2022 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും തൃപ്തികരമല്ലാത്ത മറുപടികളിന്മേൽ അധിക വിവരം ആരായുകയും തുടർശിപാർശകൾ നിർദ്ദേശിക്കുകയും ചെയ്തു.

**1.3** റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്ന് ലഭിച്ച സൂക്ഷ്മപരിശോധനക്കുറിപ്പ്, തുടർ ശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

**1.4** സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയുടേയും ആയതിന്മേൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്ന് ലഭിച്ച സൂക്ഷ്മപരിശോധനക്കുറിപ്പിന്റേയും അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ലെന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

**1.5** റിപ്പോർട്ടിലെ ശിപാർശ ഖണ്ഡികകൾ 147, 155 എന്നിവ സംബന്ധിച്ച് യാതൊരു മറുപടിയും നാളിതുവരെ സർക്കാർ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ശിപാർശകൾ തുടർ ശിപാർശയായി അദ്ധ്യായം IV-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

**സമിതിയുടെ ശിപാർശയും സർക്കാർ സ്വീകരിച്ച നടപടിയും ശിപാർശയിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരവും തുടർശിപാർശയും.**

**ചേപ്പാട് ഗ്രാമപഞ്ചായത്ത്**

**ചേപ്പാട് ഗ്രാമപഞ്ചായത്ത്**

ഖണ്ഡിക 90

**ശിപാർശ**

**2.1.1** എ.വി. എം ഹാച്ചറീസ് സപ്ലൈ ചെയ്ത കോഴികളിൽ 50% ചത്തുപോയി എന്ന വെറ്ററിനറി സർജന്റെ റിപ്പോർട്ട് പദ്ധതിക്കുവേണ്ടി ചെലവഴിച്ചതിന്റെ 50% തുക പാഴായതിന്റെ തെളിവാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തുകയുടെ 50% തുകയായ 75,500/- രൂപ പഞ്ചായത്ത് ഭരണസമിതി അംഗങ്ങളിൽ നിന്നും മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. എഡിസണിൽ നിന്നും തുല്യമായി ഈടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**2.1.2** സമിതിയുടെ നിർദ്ദേശ പ്രകാരം ആകെയുള്ള 9 ഭരണസമിതി അംഗങ്ങളിൽ 6 പേരിൽ നിന്നും നേരിട്ടും രണ്ടു പേരിൽ നിന്നും റവന്യൂ റിക്കവറി നടപടിയിലൂടെയും സെക്രട്ടറി ശ്രീ. എഡിസണിൽ നിന്നും റവന്യൂ റിക്കവറിയിലൂടെയും 7,550/- രൂപ പ്രകാരം തുക ഈടാക്കിയിട്ടുള്ളതാണ്. ഭരണ സമിതി അംഗമായ ശ്രീമതി ഉഷാകുമാരിയിൽ നിന്നും തുക ആർ ആർ. നടപടിയിലൂടെ ഈടാക്കുന്നതിന് 21/07/2012 ൽ ആർ. ആർ/2012/5657/4 പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ചുവെങ്കിലും നാളിതുവരെ തുക ഈടാക്കി ലഭിച്ചിട്ടില്ലാത്തതാണ്. 11/04/2013-ൽ സി1-4314/10 നമ്പരായി ഒരു ഓർമ്മക്കുറിപ്പ് കൂടി നൽകിയിട്ടുള്ളതാണ്. ശ്രീമതി. ഉഷാകുമാരിയിൽ നിന്നും തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് കാർത്തികപ്പള്ളി തഹസിൽദാരുടെ 15/5/2013 ലെ ബി 2-8355/13/misc നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. തുക ഈടാക്കിയവരുടെ വിവരം ചുവടെ ചേർത്ത് സമർപ്പിക്കുന്നു.

| നം. | പേര് | തുക | രസീത് നം.<br>തീയതി |
|---|---|---|---|
| 1 | എഡിസൺ, സെക്രട്ടറി | 7550 | 64/31932<br>13.06.11 |
| 2 | എൻ. കരുണാകരൻ, പ്രസിഡന്റ് | 7550 | 12/63318<br>28.07.10 |
| 3 | മണിലേഖ. എം | 7550 | 47/63323<br>15.09.10 |
| 4 | മാത്യു വർഗ്ഗീസ് | 7550 | 11201400001<br>04.01.13 |
| 5 | ബേബി ലക്ഷ്മി | 7550 | 42/37030<br>09.04.12 |

| | | | |
|---|---|---|---|
| 6 | വി.കെ. സഹദേവൻ | 7550 | 17/63325<br>29.09.10 |
| 7 | എം.കെ. വേണുകുമാർ | 7550 | 69/63325<br>01.10.10 |
| 8 | പി.എൽ. തുളസി | 7550 | 84/16794<br>26.07.10 |
| 9 | വി.കെ. മാധവൻകുട്ടി | 7550 | 11301100431<br>28.05.13 |
| ആകെ | | 67,950 | |

**സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

**2.1.3** ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള നഷ്ടത്തുകയിൽ 7550/- രൂപ ഒഴികെയുള്ള തുകയായ 67950/- രൂപ ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കിയതായി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. ഈടാക്കാൻ അവശേഷിക്കുന്ന തുക ഈടാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ചതായി പറയുന്ന നടപടിയും വസ്തുതാപരമാണ്. എന്നാൽ ഈടാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ബന്ധപ്പെട്ട ട്രഷറി ഹെഡിലേക്ക് ഒടുക്കേണ്ടതാണ്.

**തുടർശിപാർശ**

**2.1.4 ശ്രീമതി ഉഷാകുമാരിയിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും ബന്ധപ്പെട്ട മറ്റുള്ളവരിൽ നിന്നും തുക ഈടാക്കിയിട്ടുണ്ടെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ശ്രീമതി ഉഷാകുമാരിയിൽ നിന്നും കൂടി തുക ഈടാക്കി ട്രഷറി ഹെഡിലേയ്ക്ക് തിരിച്ചടക്കുന്നതിനും ആയത് ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

## ചുനക്കര ഗ്രാമപഞ്ചായത്ത്

## (ഖണ്ഡിക - 105)

### ശിപാർശ

**2.2.1** ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം മുഴുവൻ തുക കൈപ്പറ്റിയിട്ടും അഞ്ചു വീടുകൾ ഇനിയും പൂർത്തീകരിക്കാനുണ്ട്. ആയതിനാൽ പ്രസ്തുത വീടുകളുടെ നിർമ്മാണം എത്രയും വേഗം പൂർത്തീകരിച്ച് ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

**2.2.2** മുഴുവൻ തുക കൈപ്പറ്റിയ 5 വീടുകളിൽ 3 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി താമസം തുടങ്ങിയിട്ടുള്ളതാണ്. നാലാമത്തെ ഗുണഭോക്താവായ ശ്രീമതി. സരസ്സമ്മ, കടയ്ക്കത്തറ, ചുനക്കര (വാർഡ് 15) എന്നയാളുടെ വീട് നിർമ്മാണം മേൽക്കൂര ഘട്ടം വരെ ആയിട്ടുണ്ട്.

**2.2.3** അഞ്ചാമത്തെ ഗുണഭോക്താവായ ശ്രീ. രാഘവൻ, വട്ടപ്പണത്തറയിൽ, കോമല്ലൂർ എന്ന ഗുണഭോക്താവ് ഐ.എ.വൈ. പദ്ധതി പ്രകാരം 17,000/- രൂപ കൈപ്പറ്റിയിരുന്നു. വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും നിർമ്മാണം ആരംഭിക്കുവാൻ തയ്യാറായിട്ടില്ല. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിര ആവാസ് യോജനയിൽ ഉള്ള പദ്ധതിയായതിനാൽ വീട് നിർമ്മാണം ആരംഭിക്കാത്തപക്ഷം തുടർനടപടികൾ സ്വീകരിക്കുവാൻ 19/05/2013 ലെ 6 (7) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 30.05.2013-ലെ ഇ 3-3760/10 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് സെക്രട്ടറി ഭരണിക്കാവ് ബി.ഡി.ഒ. യോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെസൂക്ഷ്മപരിശോധനക്കുറിപ്പ്**

**2.2.4** മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ബ്ലോക്ക് പഞ്ചായത്തിലേക്ക് അയച്ച കത്തിന്റെ പകർപ്പ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ വീടുകൾ പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല.

**തുടർ ശിപാർശ**

**2.2.5 വീടുകൾ പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കിയിട്ടില്ലെന്ന ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിൽ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**ചിങ്ങോലി ഗ്രാമപഞ്ചായത്ത്**

**(ഖണ്ഡിക 109)**

**ശിപാർശ**

**2.3.1** ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള റെഡിമെയ്ഡ് യൂണിറ്റുകളിൽ ലക്ഷ്മി റെഡിമെയ്ഡ് യൂണിറ്റിന്റെ ബാധ്യത തീർത്തിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. 24.07.2008 ലെ എ1-128/2000 നമ്പർ കത്തുപ്രകാരം 1,38,300/- രൂപ സൂപ്പർ റെഡിമെയ്ഡ് യൂണിറ്റിന്റെ കൺവീനറിൽ നിന്നും ഈടാക്കണമെന്നാവശ്യപ്പെട്ട് ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരമുള്ള റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

**2.3.2** സൂപ്പർ റെഡിമെയ്ഡ് യൂണിറ്റ് കൺവീനർക്കെതിരെ ഫയൽ ചെയ്ത റവന്യൂ റിക്കവറി നടപടി പ്രകാരം കാർത്തികപ്പള്ളി തഹസീൽദാർ ചിങ്ങോലി വില്ലേജ് ഓഫീസർ മുഖാന്തരം നോട്ടീസ് നടത്തുകയും ആയത് 18.10.2008 ൽ ടി കക്ഷി കൈപ്പറ്റുകയും ചെയ്തു. ടിയാൾ തുക ഒടുക്കാത്തതിനെ തുടർന്ന് താമസസ്ഥലവും ജംഗമവസ്തുക്കളും ജപ്തി ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശിയായ ഭർത്താവ് ശ്രീ. അബ്ദുൾ റഷീദ് ഹരിപ്പാട് മുൻസിഫ് കോടതി മുൻപാകെ 05/268/08 നമ്പർ കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. അത് സംബന്ധിച്ച് നിലവിലെ അവസ്ഥ അറിയുന്നതിന് കാർത്തികപ്പള്ളി തഹസീൽദാർക്ക് 03/04/2013-ൽ എ 1-128/2000 നമ്പരായി കത്ത് നൽകിയതിന് 10/04/2013 ലെ ബി2 /36/08/misc നമ്പർ കത്ത് പ്രകാരം നൽകിയിട്ടുള്ള മറുപടിയിൽ ടി കേസ് 13.10.2010 ൽ ഗവൺമെന്റിന് അനുകൂലമായി തീർപ്പാക്കുകയും തുടർന്ന് ടി കക്ഷിയിൽ നിന്ന് തുക ഈടാക്കുന്നതിന് ചിങ്ങോലി വില്ലേജ് ഓഫിസർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ തുക ഈടാക്കി ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ വില്ലേജ് ഓഫീസർക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

### <u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്</u>

**2.3.3** ശ്രീ. അബ്ദുൾ റഷീദ് ഒ.എസ്. 268/08 -ാം നമ്പരായി ഹരിപ്പാട് മുൻസിഫ് കോടതിയിൽ നൽകിയ കേസ് 20.11.13 ൽ തള്ളിയതിനെ തുടർന്ന് ടിയാൾ വീണ്ടും ഒ.എസ് 313/13 നമ്പരായി ഹരിപ്പാട് മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

## തുടർശിപാർശ

**2.3.4 ഓഡിറ്റ് പരാമർശം സംബന്ധിച്ച കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ടും കേസ് നടപടി ത്വരിതപ്പെടുത്തി അന്തിമ റിപ്പോർട്ടും ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## കാവാലം ഗ്രാമപഞ്ചായത്ത്

## (ഖണ്ഡിക-160)

## ശിപാർശ

**2.4.1** വ്യക്തമായ രേഖകളില്ലാതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും 40,400/- രൂപ പിൻവലിച്ചതിനുത്തരവാദിയായ കാവാലം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം. യു. മത്തായിയുടെ ഡി. സി. ആർ. ജി. യിൽ നിന്നും പ്രസ്തുത തുക ഈടാക്കുന്നതിനും ഡി.സി.ആർ.ജി. യേക്കാൾ അധികമാണ് തിരിച്ചടയ്ക്കേണ്ട തുകയെങ്കിൽ അധികം വരുന്ന തുക ആർ.ആർ. നടപടിയിലൂടെ ഈടാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**2.4.2** 29/12/08 ലെ സർചാർജ് ഉത്തരവിനെതിരെ ശ്രീ. എം. യു. മത്തായി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ല്യൂ.പി. (സി) നമ്പർ 1377/2009 എന്ന കേസിലെ 07/08/09 ലെ കോടതി ഉത്തരവ് പ്രകാരം ടിയാന്റെ പേരിൽ നിലവിലുള്ള ബാദ്ധ്യതയായ 40,400/- രൂപ താൽക്കാലികമായി തടഞ്ഞുവെച്ച് ടിയാന്റെ ബാക്കി ഡി.സി.ആർ.ജി. തുക നൽകിയിട്ടുള്ളതാണ്. ടി കേസ് 17/09/12 ൽ ബഹു. കോടതി പരിഗണിച്ചിട്ടുള്ളതും നിലവിൽ പെൻഡിംഗിലുമാണ് എന്ന വിവരം ബോധിപ്പിക്കുന്നു.

**2.4.3** 29.12.2008 ലെ സർചാർജ് ഉത്തരവിനെതിരെ ശ്രീ. എം. യു. മത്തായി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂപി. (സി) 1377/2009 കേസിലെ ഉത്തരവ് പ്രകാരം ടിയാന്റെ പേരിലുള്ള ബാദ്ധ്യത 40,400/- രൂപ തടഞ്ഞുവച്ച് ബാക്കി ഡി.സി.ആർ.ജി. തുക നൽകിയിട്ടുള്ളതായി ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 29.07.2010 ൽ ഇ 7/9338/01-ാം നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

**2.4.4** ബഹു.ഹൈക്കോടതിയുടെ ഓൺലൈൻ കേസ് പെന്റിംഗ് സ്റ്റാറ്റസ് പരിശോധിച്ചതിൽ 02.08.2013 ൽ ഈ കേസ് ഡിസ്പോസലായതായി കാണുന്നു. മറ്റു വിവരങ്ങൾ ലഭ്യമല്ല.

**തുടർന്ന് പ്രസ്തുത വിഷയത്തിൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് 17.10.2018-ൽ തെളിവെടുപ്പ് നടത്തി.**

**2.4.5** പഞ്ചായത്ത് ഫണ്ടിൽ നിന്നും വ്യാജമായി തുകകൾ പിൻവലിച്ചതിനുത്തരവാദിയായ മുൻ സെക്രട്ടറി എം. യു. മത്തായിയുടെ ഡി. സി. ആർ. ജി. യിൽ നിന്ന് 40,400/- രൂപ ഈടാക്കിയിട്ടുണ്ടെന്നും ആർ. ആർ. നടപടിക്കെതിരെ ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.സി. 1377/2009 ആയി അദ്ദേഹം ഒരു റിട്ട് ഫയൽ ചെയ്യുകയും അത് പിന്നീട് ട്രൈബ്യൂണലിലേയ്ക്ക് മാറ്റുകയുമുണ്ടായെന്നും 2011-ൽ അദ്ദേഹം മരണപ്പെട്ടുവെന്നും 2017-ൽ പ്രസ്തുത കേസ് ട്രൈബ്യൂണൽ തള്ളിക്കളയുകയുണ്ടായെന്നും ഡി.സി.ആർ.ജി. ഇനത്തിലുള്ള ബാക്കി തുക നൽകാൻ കോടതിയുടെ ഇടക്കാല ഉത്തരവുണ്ടായിരുന്നുവെന്നും ഈടാക്കിയ തുക പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് വരവ് വയ്ക്കുന്നതിനായി പഞ്ചായത്തിന്റെ അക്കൗണ്ട് നമ്പരുൾപ്പെടെ ഡി. ഡി. പി. വഴി എ. ജി. ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും

സെക്രട്ടറി, കാവാലം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ സമിതിയെ അറിയിച്ചു. ടി തുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ഇതുവരെ വരവ് വെച്ചിട്ടില്ലാത്തതിനാൽ ആയത് വരവ് വച്ച് ഇതു സംബന്ധിച്ച അന്തിമ നടപടി റിപ്പോർട്ട് സർക്കാരിനും ഓഡിറ്റ് വകുപ്പിനും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

**<u>തുടർ ശിപാർശ</u>**

**2.4.6 മുൻ സെക്രട്ടറി എം.യു.മത്തായിയുടെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കിയ തുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് വരവ് വെച്ച് അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**കാവാലം ഗ്രാമപഞ്ചായത്ത്**

**<u>(ഖണ്ഡിക 163)</u>**

**ശിപാർശ**

**2.5.1** പട്ടികവിഭാഗം കുടുംബങ്ങൾക്ക് സി. എഫ്. വിളക്കുകൾ വിതരണം ചെയ്ത പദ്ധതിയിലെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാത്ത 55 സി.എഫ് വിളക്കുകളുടെ വിലയായ 14,310/- രൂപ ടിയാന്റെ ഡി. സി. ആർ. ജി. യിൽ നിന്നോ റവന്യൂ റിക്കവറിയിലൂടെയോ ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**2.5.2** ബഹു. നിയമസഭാ സമിതിയുടെ നിർദ്ദേശമനുസരിച്ച് തുക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു. എന്നാൽ നോട്ടീസ് നൽകിയത് ക്ലറിക്കൽ പിശക് മൂലം എം. യു. മത്തായിക്ക് ശേഷം സെക്രട്ടറിയായിരുന്ന കെ. കെ. മത്തായിയ്ക്കാണ്. പിശക് കണ്ടുപിടിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സെക്രട്ടറിയായ എം. യു. മത്തായിയ്ക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 28/12/2011-ലെ 20 (2) തീരുമാനപ്രകാരം 05.06.2013-ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നോട്ടീസ് അയയ്ക്കുകയും തുക ഈടാക്കുന്നതിന് നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**2.5.3** ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28/12/2011 ലെ XXI (2) ാം തീരുമാനപ്രകാരം ശ്രീ. എം. യു. മത്തായിയിൽ നിന്നും തുക (14,310/-രൂപ) ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

**2.5.4** റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനാവശ്യമായ യൂസർ ഐ.ഡി, പാസ് വേഡ് എന്നിവ ലഭിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. തുടർ നടപടി വിവരം ലഭ്യമല്ല.

**തുടർന്ന് പ്രസ്തുത വിഷയത്തിൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് 17.10.2018-ൽ തെളിവെടുപ്പ് നടത്തി.**

**2.5.5** പട്ടിക വിഭാഗം കുടുംബങ്ങൾക്ക് സി.എഫ്. വിളക്കുകൾ വിതരണം ചെയ്ത പദ്ധതിയിലെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാത്ത 55 സി.എഫ്. വിളക്കുകളുടെ വിലയായ 14,310/-രൂപ ഈടാക്കുന്നതിന് ആർ. ആർ. നടപടി സ്വീകരിച്ചിരുന്നെങ്കിലും അതിനെതിരെ എം. യു. മത്തായി റിട്ട് ഫയൽ ചെയ്തതിനെത്തുടർന്ന് റവന്യൂ റിക്കവറി മടങ്ങുകയും ആ ഫയൽ ക്ലോസ് ചെയ്യുകയും ചെയ്തിട്ടുണ്ടെന്ന് തൊടുപുഴ ആർ. ആർ. തഹസീൽദാരിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ടെന്നും ഡി. സി. ആർ. ജി. യിൽ നിന്നും ഇനി തുക ഈടാക്കാൻ സാധിക്കുകയില്ലെന്നും ആയതിനാൽ 14,310/- രൂപ ഈടാക്കിയിട്ടില്ലെന്നും ടി തുക എഴുതിത്തള്ളണമെന്ന് പഞ്ചായത്ത് കമ്മിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും കാവാലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച അന്തിമ നടപടികൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി സമിതിയ്ക്ക് ലഭ്യമാക്കണമെന്നും റിപ്പോർട്ട് ലഭിച്ചതിനുശേഷം പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു.

**തുടർ ശിപാർശ**

**2.5.6 ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**മാവേലിക്കര - താമരക്കുളം ഗ്രാമപഞ്ചായത്ത്**

**(ഖണ്ഡിക 168,169)**

**ശിപാർശ 168**

**2.6.1** മാവേലിക്കര - താമരക്കുളം ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ അക്കൗണ്ടിലേക്ക് 1999-2000, 2000-01, 2001-02 എന്നീ വർഷങ്ങളിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് യഥാക്രമം 10,00,737, 11,73,079, 65,000 എന്നീ തുകകൾ ചെലവഴിച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കാതിരിക്കുകയും നിരവധി തവണ ആവശ്യപ്പെട്ടിട്ടും ഇത് സംബന്ധിച്ച മറുപടി നൽകാതിരിക്കുകയും ചെയ്ത മുൻ കൃഷി ഓഫീസർ ശ്രീ. കെ. ഐ. അനി, സമിതിയുടെ തെളിവെടുപ്പുയോഗത്തിൽ പ്രസ്തുത രേഖകൾ രണ്ടാഴ്ചക്കകം ഓഡിറ്റിൽ ഹാജരാക്കാമെന്ന് സമിതി മുമ്പാകെ ഉറപ്പ് നൽകിയിട്ടും ആയത് പാലിക്കാതിരുന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

**ശിപാർശ 169**

**2.6.2** സമിതി നിർദ്ദേശപ്രകാരം രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ കൃഷി ഓഫീസറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ടിയാൻ പിൻവലിക്കുകയും ചെയ്ത മുഴുവൻ തുകയും ടിയാനിൽ നിന്ന് പലിശ സഹിതം ഈടാക്കണമെന്ന് പഞ്ചായത്ത് വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് രേഖകൾ ഹാജരാക്കാതെ തടസ്സം സൃഷ്ടിച്ച് സാമ്പത്തിക തിരിമറി നടത്തിയതിന് ടിയാനെതിരെ ക്രിമിനൽ കേസ് ഫയൽ ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**2.6.3** പഞ്ചായത്ത് ഡയറക്ടറുടെ 10.06.2010-ലെ എം1-18612/10 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 16/07/2010-ലെ എ 2-1020/08 നമ്പരായി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, സമിതി നിർദ്ദേശപ്രകാരം തുടർ നടപടി സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകുകയും തുടർന്ന് 29.07.2010-ൽ പഞ്ചായത്ത് സമിതി അടിയന്തര യോഗം ചേർന്ന് വിഷയം വിശദമായി ചർച്ച ചെയ്യുകയും ശ്രീ. കെ. ഐ. അനിയ്ക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.07.2010-ലെ എ 1-5309/10 നമ്പർ പ്രകാരം നോട്ടീസ് നൽകി റവന്യൂ റിക്കവറി നടപടി സ്വീകരിക്കാൻ തീരുമാനിച്ച തുക പലിശ സഹിതം അടയ്ക്കാൻ ആവശ്യപ്പെട്ട് ആർ. ആർ. നടപടിക്ക് ഓൺലൈൻ ആയി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത റവന്യൂ റിക്കവറി നടപടിക്കെതിരെ ടിയാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഡബ്ല്യൂ. പി (സി) 25755/10 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിൽ എതിർ സത്യവാങ്മൂലം 18.06.2013-ൽ പഞ്ചായത്ത്, ബഹു.കേരളഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ഈ കേസ് 18.12.2011 തീയതിയിലാണ് അവസാനമായി കോടതിയിൽ പോസ്റ്റ് ചെയ്തിരുന്നത്. നിലവിൽ കേസ് പെന്റിംഗിൽ ആണെന്നാണ് പഞ്ചായത്തിന്റെ അഭിഭാഷകൻ അറിയിച്ചിട്ടുള്ളത് എന്ന വിവരവും ബോധിപ്പിക്കുന്നു.

**2.6.4** സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് രേഖകൾ ഹാജരാക്കാതെ തടസ്സം സൃഷ്ടിച്ച് സാമ്പത്തിക തിരിമറി നടത്തിയതിന് മുൻ കൃഷി ആഫീസർ ശ്രീ. കെ. ഐ അനിയ്ക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിന് മാവേലിക്കര പോലീസ് സർക്കിൾ ഇൻസ്പെക്ടർക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ 1-5309/10 നമ്പരായി 12.08.2010-ൽ കത്ത് നൽകിയിട്ടുണ്ട്. ടി കേസിന്റെ രജിസ്റ്റർ നമ്പരും നിലവിലെ സ്ഥിതിയും അറിയിക്കുവാനായി മാവേലിക്കര പോലീസ് സർക്കിൾ ഇൻസ്പെക്ടർക്ക് 09.05.2013-ൽ

എ 1-5309/10 നമ്പരായി വീണ്ടും കത്ത് നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കാത്തതിനാൽ 06.06.2013-ൽ ഓർമ്മക്കുറിപ്പും നൽകിയിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**2.6.5** തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 12.08.2010-ൽ ഫോറം നമ്പർ 24 ൽ ജില്ലാ കളക്ടർക്ക് ഓൺലൈനായി അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. അതുപോലെ ടിയാനെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിന് എ 1-5309/10/12-8-10 പ്രകാരം മാവേലിക്കര സർക്കിൾ ഇൻസ്പെക്ടർക്ക് സെക്രട്ടറി കത്തു നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലായെന്ന് 30.06.2014 ലെ എ 4-2122/14 നമ്പർ കത്ത് പ്രകാരം സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**2.6.6** മേൽ നടപടികൾ സ്വീകരിക്കുന്നതിനെതിരെ ശ്രീ. കെ. ഐ. അനി ബഹു.ഹൈക്കോടതിയിൽ ഡബ്ല്യൂ.പി (സി) 25755/2010 (ടി) /16.08.10 പ്രകാരം കേസ് ഫയൽ ചെയ്ത് ഇടക്കാല സ്റ്റേ നേടുകയും ചെയ്തു. പ്രസ്തുത സ്റ്റേയുടെ കാലാവധി 6 ആഴ്ച മാത്രമായിരുന്നുവെങ്കിലും ഇതിനെതിരെ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്യുന്നതിനാവശ്യമായ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് 21.11.13-ൽ മാത്രമാണ് പഞ്ചായത്ത് സർക്കാരിലേക്ക് നൽകിയിട്ടുള്ളത്. തുടർന്ന് സർക്കാർ നിർദ്ദേശ പ്രകാരം 01.03.14 ൽ ഇത് സംബന്ധിച്ച് പുതുക്കിയ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് പഞ്ചായത്ത് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

**പ്രസ്തുത വിഷയത്തിൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് 17.10.2018-ൽ തെളിവെടുപ്പ് നടത്തി**

**2.6.7** കൃഷി ഓഫീസർ ഫയലുകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞു.

**2.6.8** ഫയലുകൾ ലഭ്യമായ വിവരം അറിയിച്ചപ്പോൾ ഒക്ടോബർ മാസം 28, 29, 30 തീയതികളിൽ ഓഡിറ്റ് നടത്താമെന്ന് അറിയിച്ചുകൊണ്ടുള്ള കത്ത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് ലഭിച്ചിട്ടുണ്ടെന്നും കോടതി വിധി പ്രകാരം രേഖകൾ ഓഡിറ്റിന് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മാവേലിക്കര - താമരക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

**2.6.9** ഓഡിറ്റിന് ഫയലുകൾ അന്ന് ഹാജരാക്കാതിരുന്നതിനും ഇപ്പോൾ ഹാജരാക്കുന്നതിനും കാരണമെന്താണെന്ന് സമിതി ആരാഞ്ഞപ്പോൾ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കണമെന്ന് പഞ്ചായത്ത് പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും അന്നത്തെ കൃഷി ഓഫീസർ ഫയലുകൾ ഹാജരാക്കിയില്ല എന്ന് മാവേലിക്കര - താമരക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചപ്പോൾ തുകകൾ ചെലവഴിച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കാതിരുന്നതിനാൽ കൃഷി ഓഫീസർ ശ്രീ. കെ. ഐ. അനിയിൽ നിന്നും തുക ഈടാക്കാനായി റവന്യൂ റിക്കവറി നടപടി സ്വീകരിച്ചപ്പോൾ അദ്ദേഹം കോടതിയെ സമീപിക്കുകയും തുടർന്ന് രേഖകൾ ഹാജരാക്കുവാൻ കോടതി ആവശ്യപ്പെടുകയാണുണ്ടായതെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

**2.6.10** എന്നാൽ 1999-2000, 2000-2001, 2001-2002 കാലഘട്ടങ്ങളിലാണ് പ്രസ്തുത സംഭവം നടക്കുന്നതെന്നും 2001-2002 കാലഘട്ടത്തിൽ ശ്രീ. കെ. ഐ. അനിക്ക് സ്ഥലം മാറ്റം ലഭിച്ചുവെന്നും അതിനു മുമ്പ് അവിടെ പെർഫോർമൻസ് ഓഡിറ്റ് പരിശോധന നടന്നിട്ടുണ്ടെന്നും അതിൽ പ്രശ്നങ്ങളൊന്നും ഉണ്ടായിരുന്നില്ലെന്നും അദ്ദേഹം സ്ഥലം മാറി പോയതിന് ശേഷം ലോക്കൽ ഫണ്ട് ഓഡിറ്റിനായി ഡാറ്റ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹത്തിന് ശേഷം ചാർജ്ജെടുത്ത കൃഷി ഓഫീസർമാർ അത് ഹാജരാക്കിയില്ലെന്നും അസിസ്റ്റന്റ് ഡയറക്ടറും ശ്രീ. കെ. ഐ. അനിയും തമ്മിലുണ്ടായിരുന്ന വ്യക്തിവിരോധം മൂലം ഫയലുകൾ നൽകരുതെന്ന

അസിസ്റ്റന്റ് ഡയറക്ടറുടെ നിർദ്ദേശത്തെത്തുടർന്ന് പിന്നീട് ചാർജ്ജെടുത്ത കൃഷി ഓഫീസർമാർ മനഃപൂർവ്വം ഫയലുകൾ ഹാജരാക്കാതിരിക്കുകയാണുണ്ടായതെന്നും ഓഡിറ്റിന് രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ശ്രീ. കെ. ഐ. അനിയിൽ നിന്നും തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടി സ്വീകരിച്ചപ്പോൾ അദ്ദേഹം കോടതിയെ സമീപിക്കുകയും ഫയലുകൾ അന്വേഷിച്ച് കണ്ടെത്തുന്നതിന് അദ്ദേഹത്തിനുകൂടി കോടതി അനുമതി നൽകുകയും തുടർന്ന് ഫയലുകൾ കണ്ടെത്തിയെന്നും സമിതി നിരീക്ഷിച്ചു

**2.6.11** ലോക്കൽ ഫണ്ട് ഓഡിറ്റ് നടക്കുമ്പോൾ ശ്രീ. കെ. ഐ അനി സ്ഥലം മാറി പോയിരുന്നുവെന്നും പകരം ചാർജ്ജെടുത്ത ശ്രീമതി ശ്രീദേവിയോടും തുടർന്ന് ചാർജ്ജെടുത്ത ശ്രീ. ശരത് ചന്ദ്രനോടും ഫയൽ ഹാജരാക്കരുതെന്ന് അസിസ്റ്റന്റ് ഡയറക്ടർ നിർദ്ദേശിച്ചതിനാൽ അവർ ഫയൽ നൽകിയില്ലയെന്നതല്ലേ യാഥാർത്ഥ്യമെന്ന് സമിതി ആരാഞ്ഞപ്പോൾ അതെയെന്ന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു

**2.6.12** വ്യക്തിവിരോധത്തിന്റെ പേരിൽ സർക്കാർ നടപടിക്രമങ്ങൾ തടസ്സപ്പെടുത്തുന്നത് ശരിയല്ലെന്നും ഓഡിറ്റിന് മനഃപൂർവ്വം ഫയലുകൾ ഹാജരാക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ഓഡിറ്റിന് ഹാജരാക്കാതിരുന്ന ഫയലുകളുടെ ബാധ്യത സർവ്വീസിലുള്ള ശ്രീമതി ശ്രീദേവി, ശ്രീ. ശരത് ചന്ദ്രൻ എന്നിവരുടെ പേരിൽ ഫിക്സ് ചെയ്യണമെന്നും ഫയലുകൾ ഹാജരാക്കുന്നതിന് ശ്രീ. കെ. ഐ. അനിയ്ക്ക് കോടതി വരെ പോകേണ്ടിവന്നുവെന്നും കോടതി ചെലവുകൾക്കെല്ലാം ആരാണ് ഉത്തരവാദിത്വം വഹിക്കുകയെന്നും സമിതി ആരാഞ്ഞു. ശ്രീ. കെ. ഐ. അനിക്ക് ശേഷം ചാർജ്ജെടുത്ത ഉദ്യോഗസ്ഥർ ലോക്കൽ ഫണ്ട് ഓഡിറ്റിന് ഫയലുകൾ ഹാജരാക്കാൻ തയ്യാറായില്ലെന്നും ശ്രീ. കെ. ഐ അനി കോടതിയെ സമീപിക്കുകയും ഫയലുകൾ അന്വേഷിച്ച് കണ്ടെത്തുന്നതിന് അദ്ദേഹത്തിനുകൂടി കോടതി അനുമതി നൽകുകയും ചെയ്തപ്പോൾ ഫയൽ ലഭിച്ചുവെന്നതും റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു

**2.6.13** കൃഷി ഓഫീസറായിരുന്ന ശ്രീ. കെ. ഐ. അനി സ്ഥലം മാറിയതിനുശേഷം ചാർജ്ജെടുത്ത കൃഷി ഓഫീസർമാർ അസിസ്റ്റന്റ് ഡയറക്ടറുടെ നിർദ്ദേശത്തെത്തുടർന്ന് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാതിരുന്നത് ഗുരുതരമായ കൃത്യവിലോപമാണെന്നും ഓഡിറ്റിന് ഫയലുകൾ സമർപ്പിക്കാതിരുന്നതിൽ ടിയാന് ശേഷം ചാർജ്ജെടുത്ത എല്ലാ കൃഷി ഓഫീസർമാരും ഉത്തരവാദികളായതിനാൽ ഇതിൽ വീഴ്ച വരുത്തിയത് സംബന്ധിച്ച് കൃഷി വകുപ്പ് വിശദമായ വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് സമിതി കൃഷി വകുപ്പ് ജോയിന്റ് സെക്രട്ടറിയോട് നിർദ്ദേശിക്കുകയും ആയത് ലഭ്യമാക്കാമെന്ന് കൃഷിവകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകുകയും ചെയ്തു. അതോടൊപ്പം ഈ വിഷയം സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനോടും സമിതി നിർദ്ദേശിച്ചു.

**2.6.14** കൃഷി വകുപ്പ് അന്വേഷിച്ച് വിവരം ലഭ്യമാക്കുന്ന മുറയ്ക്ക് സമിതിക്ക് റിപ്പോർട്ട് നൽകാമെന്ന് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

**തുടർ ശിപാർശ**

**2.6.15 വ്യക്തിവിരോധത്തിന്റെ പേരിൽ സർക്കാർ നടപടിക്രമങ്ങൾ തടസ്സപ്പെടുത്തുന്നത് ഗുരുതരമായ കൃത്യവിലോപമാണെന്ന് സമിതി വിലയിരുത്തുന്നു. കൃഷി ഓഫീസറായിരുന്ന ശ്രീ. കെ. ഐ. അനി സ്ഥലം മാറിപ്പോയതിന് ശേഷം ചാർജ്ജെടുത്ത കൃഷി ഓഫീസർമാർ അസിസ്റ്റന്റ് ഡയറക്ടറുടെ നിർദ്ദേശത്തെത്തുടർന്ന് ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാതിരുന്നത് സംബന്ധിച്ച് കൃഷി വകുപ്പ് വിശദമായ വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് നൽകണമെന്നും ഉത്തരാവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ മേൽ വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോടും സമിതി നിർദ്ദേശിക്കുന്നു.**

## ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്

## ഖണ്ഡിക 202

### ശിപാർശ

**2.7.1** ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ ശ്രീ. സി. കെ. കമലാസനൻ സെക്രട്ടറിയായിരുന്ന കാലയളവിൽ മിനിട്ട്സ് ബുക്കിൽ നടത്തിയ ക്രമക്കേടുകൾ എന്തെല്ലാമാണെന്നും ഇതുമായി ബന്ധപ്പെട്ട് സാമ്പത്തിക ക്രമക്കേടുകൾ എന്തെങ്കിലും നടന്നിട്ടുണ്ടോ എന്നും വകുപ്പുതല അന്വേഷണം നടത്തി ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഖണ്ഡിക 203

### ശിപാർശ

**2.7.2** അന്വേഷണത്തിൽ സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ ശ്രീ. സി. കെ. കമലാസനനിൽ നിന്നും പ്രസ്തുത തുക ഈടാക്കണമെന്നും ടിയാനെതിരെ ക്രിമിനൽ കേസ് ഫയൽ ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

**2.7.3** സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ മിനിറ്റ്സ് ബുക്കിലെ പേജുകൾ മാറ്റി പുതിയ പേജുകൾ ചേർത്ത് തീരുമാനങ്ങൾ രേഖപ്പെടുത്തിയതിലൂടെ ക്രമക്കേടുകൾ നടന്നതായി കാണുന്നില്ലെങ്കിലും ശ്രീ. സി. കെ. കമലാസനൻ, ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ജോലി ചെയ്തിരുന്ന 22.06.99 മുതൽ 05.07.02 വരെയുള്ള കാലയളവിൽ രേഖകൾ സൂക്ഷിക്കാതെയും നടപടിക്രമങ്ങൾ പാലിക്കാതെയും ക്രമരഹിതമായിട്ടാണ് ടിയാൻ ചെലവുകൾ നടത്തിയിരുന്നതെന്നും അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട് എന്നുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പ്രസ്തുത അന്വേഷണ റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടറുടെ 12.02.2013-ലെ എം1-18612/10 നമ്പർ കത്ത് പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു എന്ന വിവരവും ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**2.7.4** പഞ്ചായത്ത് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് (എം1-18612/10/12.02.13) സർക്കാരിലേക്ക് സമർപ്പിച്ചതിന് ശേഷം നടപടികളൊന്നും സ്വീകരിച്ചിട്ടില്ല എന്ന് അറിയിച്ചുകൊള്ളുന്നു.

**ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്**

**ഖണ്ഡിക 206**

**ശിപാർശ**

**2.8.1** ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക മുൻ സെക്രട്ടറി ശ്രീ. സി. കെ. കമലാസനനിൽ നിന്നും ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തണമെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**2.8.2** ഇടുക്കി ജില്ലാ കളക്ടർ മുമ്പാകെ 21.09.2012 ലെ ആർ. ആർ/2012/5457/6 നമ്പരായി ഗ്രാമപഞ്ചായത്ത് ആഫീസിൽ നിന്നും ഓൺലൈനായി റവന്യൂ റിക്കവറി നടപടിക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളതും റവന്യൂ റിക്കവറി നടപടിയുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കണമെന്നഭ്യർത്ഥിച്ച് 06.06.2013-ൽ എ-239/14 നമ്പർ കത്ത് പഞ്ചായത്ത് സെക്രട്ടറി ജില്ലാ കളക്ടർക്ക് നൽകിയിട്ടുള്ളതുമാകുന്നു. ആയതിന്മേൽ റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ പീരുമേട് തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് 24.06.2013-ലെ ബി7-24327/13 നമ്പർ കത്ത് മുഖേന ജില്ലാ കളക്ടർ മറുപടി നൽകിയിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**2.8.3** പരാമർശം സംബന്ധിച്ച ഗ്രാമപഞ്ചായത്തിലെ ഫയൽ പൂർണ്ണമല്ല. ഇടുക്കി ജില്ലാ കളക്ടർക്ക് 27.07.12-ൽ റവന്യൂ റിക്കവറിയ്ക്കായി ഓൺലൈൻ

രജിസ്ട്രേഷൻ നടത്തിയന്റെ വിവരങ്ങൾ മാത്രമേ ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളൂ.

**ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്**

**ഖണ്ഡിക 210**

**ശിപാർശ**

**2.9.1** റെയ്ഡ്കോയിൽ നിന്നും രേഖകൾ ഇല്ലാതെ വാങ്ങിയ ആറ് ഇനം സാധനങ്ങളുടെ വിലയായ 21,450/- രൂപ മുൻ സെക്രട്ടറി ശ്രീ. സി. കെ. കമലാസനനിൽ നിന്നും ആർ. ആർ. നടപടി മുഖേന ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും ശിപാർശ ചെയ്യുന്നു. വാട്ടർ അതോറിറ്റിയിൽ അടച്ച 1,65,850/- രൂപ തിരികെ വാങ്ങി പഞ്ചായത്ത് ഫണ്ടിൽ അടച്ച് സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**2.9.2** ഇടുക്കി ജില്ലാ കളക്ടർ മുമ്പാകെ 21.09.2012-ലെ ആർ. ആർ/2012/5457/6 നമ്പരായി ഗ്രാമപഞ്ചായത്ത് ആഫീസിൽ നിന്നും ഓൺലൈനായി റവന്യൂ റിക്കവറി നടപടിയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളതും റവന്യൂ റിക്കവറി നടപടിയുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കണമെന്നഭ്യർത്ഥിച്ച് 06.06.2013-ൽ എ-239/04 നമ്പർ കത്ത് പഞ്ചായത്ത് സെക്രട്ടറി ജില്ലാ കളക്ടർക്ക് നൽകിയിട്ടുള്ളതുമാകുന്നു. ആയതിന്മേൽ റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ പീരുമേട് തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് 24.06.2013-ലെ ബി7-24327/13 നമ്പർ കത്ത് മുഖേന ജില്ലാ കളക്ടർ മറുപടി നൽകിയിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു. വാട്ടർ അതോറിറ്റിയിൽ അടച്ച 1,65,850/- രൂപ തിരികെ വാങ്ങി പഞ്ചായത്ത് ഫണ്ടിൽ അടച്ച് സമിതിയെ അറിയിക്കുവാനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി തുക പഞ്ചായത്തിൽ തിരികെ അടയ്ക്കണമെന്ന് കാണിച്ച് വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.06.2013-ലെ എ-239/14 നമ്പറായി കത്ത് നൽകിയിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**2.9.3** പരാമർശം സംബന്ധിച്ച ഗ്രാമപഞ്ചായത്തിലെ ഫയൽ പൂർണ്ണമല്ല. ഇടുക്കി ജില്ലാ കളക്ടർക്ക് 27.07.2012-ൽ റവന്യൂ റിക്കവറിയ്ക്കായി ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയതിന്റെ വിവരങ്ങൾ മാത്രമേ ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. വാട്ടർ അതോറിറ്റിയിൽ അടച്ച 1,65,850/- രൂപ തിരികെ പഞ്ചായത്തിൽ അടയ്ക്കണമെന്ന് കാണിച്ച് വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 27.07.2012-ൽ എ-239/04-ാം നമ്പറായി കത്ത് നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

**ആറാട്ടുപുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ശിപാർശ ഖണ്ഡിക 202, 203, 206, 210 എന്നിവ സംബന്ധിച്ച് 17.10.2018-ലെ യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് സമിതി തെളിവെടുപ്പ് നടത്തി.**

**2.9.4.** ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. സി. കെ. കമലാസനൻ ഇപ്പോൾ സർവ്വീസിലില്ലയെന്നും അദ്ദേഹത്തിന്റെ പേരിൽ നിരവധി കേസുകളുണ്ടെന്നും അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചപ്പോൾ ടിയാൾക്ക് ഡി.സി.ആർ.ജി. നൽകിയിട്ടുണ്ടോയെന്ന ചോദ്യത്തിന് പ്രസ്തുത വിവരങ്ങളൊന്നും അറിയില്ലെന്ന് ആലപ്പുഴ ഡി.ഡി.പി.. സമിതിയെ അറിയിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിച്ചതിനു ശേഷം നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നും സമിതി വിലയിരുത്തി.

**2.9.5.** 12.02.2013-ലെ റിപ്പോർട്ട് സമർപ്പിച്ചിട്ട് 5 വർഷം കഴിഞ്ഞിട്ടും നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരായുകയും അതു സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് സമിതി നിർദ്ദേശിക്കുകയും ആയത് നൽകാമെന്ന് അഡീഷണൽ സെക്രട്ടറി ആന്റ് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിക്ക് ഉറപ്പുനൽകുകയും ചെയ്തു. ടി വിഷയം സംബന്ധിച്ച് പരിശോധന

നടത്തിയില്ലേയെന്ന് സമിതി വീണ്ടും ആരാഞ്ഞതിന് ആയത് പരിശോധിച്ചിരുന്നുവെന്നും ഡി.ഡി.പി യിൽ നിന്ന് കുറച്ച് വിവരങ്ങൾ കൂടി ലഭ്യമാകേണ്ടതുണ്ടെന്നും പഞ്ചായത്ത് ഡയറക്ടറുടെ 12.02.2013-ലെ കത്ത് വകുപ്പിൽ ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചപ്പോൾ ലഭിച്ചതായി കാണുന്നില്ലെന്നും അതുസംബന്ധിച്ച മറുപടി ഒരാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കാമെന്നും അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ് സമിതിയെ അറിയിച്ചു.

**2.9.6.** സമിതിയുടെ ചോദ്യങ്ങൾക്ക് വ്യക്തമായി മറുപടി നൽകാൻ തയ്യാറായി വേണം നിയമസഭാ സമിതിയിൽ ഹാജരാകേണ്ടതെന്ന് സമിതി നിർദ്ദേശിച്ചു ശ്രീ. സി. കെ. കമലാസനൻ എല്ലാ കാര്യങ്ങളിലും ക്രമക്കേടുകളും ദുർവിനിയോഗവും നടത്തിയിരിക്കുകയാണെന്നും ആറാട്ടുപുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട 202, 203, 206, 210 എന്നീ ഓഡിറ്റ് ഖണ്ഡികകളുടെ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു. ആയത് ലഭ്യമാക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

**തുടർ ശിപാർശ**

**2.9.7. ആറാട്ടുപുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ശിപാർശ ഖണ്ഡികകൾ 202, 203, 206, 210 എന്നിവയിന്മേൽ സമിതി ആരാഞ്ഞ അധിക വിവരങ്ങൾക്ക് തെളിവെടുപ്പ് വേളയിലും വ്യക്തമായ വിവരം നൽകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവും അന്തിമവുമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## അദ്ധ്യായം III

**സർക്കാരിന്റെ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരനടപടി തുടരേണ്ടതില്ലെന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും.**

### കഞ്ചിക്കോട് ഗ്രാമപഞ്ചായത്ത്

### ഖണ്ഡിക-5

### ശിപാർശ

**3.1.1.** പഞ്ചായത്തിന് നഷ്ടപ്പെട്ട തുക ഈടാക്കുന്നതോടൊപ്പം കുറ്റം ചെയ്ത ഉദ്യോഗസ്ഥനെതിരെ കുറ്റത്തിന്റെ ഗൗരവമനുസരിച്ചുള്ള വകുപ്പുതല നടപടികളും ഉണ്ടാകേണ്ടതായിരുന്നുവെന്നും ധനാപഹരണം നടത്തുന്ന ഉദ്യോഗസ്ഥനെ സംരക്ഷിക്കുന്നതിന് വേണ്ടി അവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിൽ അനാസ്ഥ കാണിച്ച പഞ്ചായത്ത് വകുപ്പ് ഗുരുതരമായ തെറ്റാണ് ചെയ്തതെന്നും സമിതി വിലയിരുത്തുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

**3.1.2.** 1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പരാമർശ പ്രകാരം ഹെഡ് ക്ലാർക്ക് ശ്രീ. ഹരിഹരൻ നായർ പഞ്ചായത്തിന്റെ ഔദ്യോഗിക രസീതുകളിൽ നടത്തിയ കൃത്രിമം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുകയും 27.06.2003-ൽ എ.വി.12525/2001-ാം നമ്പരായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ടിയാന് കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന് ടിയാൻ നൽകിയ മറുപടി പരിഗണിച്ച് പിരിച്ചെടുത്ത തുക പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്നതിന് വരുത്തിയ കാലതാമസം കണക്കാക്കി പ്രസ്തുത തുകയ്ക്ക് നിയമാനുസരണം പലിശ ടിയാനിൽ നിന്നും ഈടാക്കുന്നതിന് തീരുമാനിച്ച കൊണ്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.03.2004-ലെ എ.വി.12525/01-ാം നമ്പർ ഉത്തരവ് പ്രകാരം ടിയാനെതിരെയുള്ള

അച്ചടക്ക നടപടികൾ തീർപ്പാക്കി ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഹരിഹരൻ നായർ ടി കാലയളവിലേയ്ക്കുള്ള പലിശ 2,093/- രൂപ 22.12.2005-ലെ 4/2635-ാം നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. ടി വിഷയം 07.01.2015-ലെ സമിതി തെളിവെടുപ്പ് യോഗത്തിൽ സമിതി പരിഗണിക്കുകയും തടസ്സങ്ങൾ ഒഴിവാക്കാൻ ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**3.1.3.** പരാമർശിത വിഷയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 27.06.2003-ൽ ശ്രീ. ഹരിഹരൻ നായർക്ക് കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയതിന് ഇയാൾ നൽകിയ മറുപടി പരിഗണിച്ച് പിരിച്ചെടുത്ത തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് വരുത്തിയ കാലതാമസം കണക്കാക്കി പ്രസ്തുത തുകയ്ക്ക് നിയമാനുസൃത പലിശ ഈടാക്കുന്നതിനും തീരുമാനിച്ചു കൊണ്ട് 29.03.2004-ൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ളതാണ്. ഈ കാലയളവിലേയ്ക്കുള്ള പലിശ 2,093/- രൂപ 22.12.2005-ലെ 4/2635-ാം രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെട്ടു

**കഞ്ചിക്കോട് ഗ്രാമപഞ്ചായത്ത്**

**<u>ഖണ്ഡിക-6</u>**

**ശിപാർശ**

**3.2.1.** രസീതുകളിൽ തിരുത്തൽ വരുത്തി പണാപഹരണം നടത്തിയ ഉദ്യോഗസ്ഥനായ ശ്രീ. ഹരിഹരൻ നായർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കാതിരുന്ന മേലുദ്യോഗസ്ഥരുടെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. മേലിൽ ഇത്തരം പണാപഹരണ കേസുകളിൽ അപഹരിച്ച തുകയും പലിശയും ഈടാക്കുന്നതോടൊപ്പം ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടിയും സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**3.2.2.** 1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പരാമർശ പ്രകാരം ഹെഡ് ക്ലാർക്ക് ശ്രീ. ഹരിഹരൻ നായർ പഞ്ചായത്തിന്റെ ഔദ്യോഗിക രസീതുകളിൽ നടത്തിയ കൃത്രിമം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുകയും 27.06.2003-ൽ എ.വി.12525/2001-ാം നമ്പരായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ടിയാന് കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന് ടിയാൻ നൽകിയ മറുപടി പരിഗണിച്ച് പിരിച്ചെടുത്ത തുക പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്നതിന് വരുത്തിയ കാലതാമസം കണക്കാക്കി പ്രസ്തുത തുകയ്ക്ക് നിയമാനുസരണം പലിശ ടിയാനിൽ നിന്നും ഈടാക്കുന്നതിന് തീരുമാനിച്ചു കൊണ്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.03.2004-ലെ എ.വി.12525/01-ാം നമ്പർ ഉത്തരവ് പ്രകാരം ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ തീർപ്പാക്കി ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഹരിഹരൻ നായർ ടി കാലയളവിലേയ്ക്കുള്ള പലിശ 2,093/- രൂപ 22.12.2005-ലെ 4/2635-ാം നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം കേസുകളിൽ ഇപ്പോൾ വകുപ്പുതല നടപടികളും സ്വീകരിച്ചു വരുന്നുണ്ടെന്നുള്ള വിവരവും റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. ടി വിഷയം 07.01.2015-ൽ സമിതി പരിഗണിക്കുകയും തടസ്സങ്ങൾ ഒഴിവാക്കാൻ ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്

**3.2.3.** പരാമർശിത വിഷയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 27.06.2003-ൽ ശ്രീ. ഹരിഹരൻ നായർക്ക് കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയതിന് ഇയാൾ നൽകിയ മറുപടി പരിഗണിച്ച് പിരിച്ചെടുത്ത തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് വരുത്തിയ കാലതാമസം കണക്കാക്കി പ്രസ്തുത തുകയ്ക്ക് നിയമാനുസൃത പലിശ ഈടാക്കുന്നതിന് തീരുമാനിച്ചു കൊണ്ട് 29.03.2004-ൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അച്ചടക്ക നടപടി

തീർപ്പാക്കിയിട്ടുള്ളതാണ്. ഈ കാലയളവിലേയ്ക്കുള്ള പലിശ 2,093/- രൂപ 22.12.2005-ലെ 4/2635-ാം രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെട്ടു.

**കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്**

**ഖണ്ഡിക-7**

**ശിപാർശ**

**3.3.1.** ശ്രീ. ഹരിഹരൻ നായരും ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിക്കാതിരുന്ന ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി മറിയാമ്മ വർഗ്ഗീസും സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ കുറ്റക്കാർക്കെതിരെ വകുപ്പുതല നടപടി ഇനി സാദ്ധ്യമല്ലാത്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**3.3.2.** നിയമസഭാ സമിതി ടി പരാമർശം ഒഴിവാക്കിയതായി ശിപാർശ ചെയ്തിട്ടുണ്ട്. കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 26.11.2015-ലെ എ 2/1020/2008 നമ്പർ കത്ത് പ്രകാരം സമിതി ശിപാർശ അറിയിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**3.3.3.** ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 03.08.2016-ലെ കെ.എസ്.എ-എ.എൽ.പി- ജി.എ 3-679/16-ാം നമ്പർ കത്തിലൂടെ ഖണ്ഡികയിലെ പരാമർശം ഒഴിവാക്കിയതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

**മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത്**

**ഖണ്ഡിക-14**

**ശിപാർശ**

**3.4.1.** പദ്ധതിയ്ക്കായി കൺവീനർക്ക് നൽകിയ 7,01,961/- രൂപയിൽ 6,35,525/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് നൽകിയതെന്നും ഇതിൽ

11,261/- രൂപയുടെ ചെലവിന് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലെന്നും പദ്ധതി നടത്തിപ്പിനായി പിൻവലിച്ച മുൻകൂറായ 2,000/- രൂപയ്ക്കും ചെലവ് രേഖ ഹാജരാക്കിയിട്ടില്ലെന്നും 49,000/- രൂപയ്ക്ക് അപ്രന്റിസ് എൻജിനീയർ നൽകിയ റിപ്പോർട്ടിൽ 33 കക്കൂസുകളിൽ 18 എണ്ണം വിവിധ വാർഡുകളിലായി പൂർത്തീകരിച്ചിട്ടുണ്ടെന്നുള്ളത് തിരുത്തി 33 എണ്ണവും പൂർത്തീകരിച്ചിട്ടുള്ളതായും അവരുടെ പേരു വിവരങ്ങൾ എഴുതിച്ചേർത്തിട്ടുള്ളതായും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടോ കൺവീനറുടെ കണക്കോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല എന്നുമുള്ള വസ്തുതകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയിൽ വ്യക്തമായിട്ടുള്ള സാഹചര്യത്തിൽ ടി പദ്ധതിയുടെ നടത്തിപ്പിൽ ക്രമക്കേട് നടന്നിട്ടുള്ളതായി സമിതി സംശയിക്കുന്നു. ആയതിനാൽ ഇതു സംബന്ധിച്ച് ഭരണവകുപ്പ് അന്വേഷണം നടത്തണമെന്നും ഈ പദ്ധതിക്കു വേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ചെലവഴിച്ച തുക സംബന്ധിച്ച മൂല്യ നിർണ്ണയ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവയുണ്ടോയെന്നും കൺവീനർക്ക് നൽകിയ 7,01,961/- രൂപയിൽ ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക എത്രയെന്നും ആയത് ടിയാനിൽ നിന്നും തിരികെ ഈടാക്കിയിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് അന്വേഷിച്ച് ആയതിന്റെ റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പദ്ധതി നടത്തിപ്പിൽ ക്രമക്കേട് നടന്നിട്ടുണ്ടെന്ന് വ്യക്തമാകുന്ന സാഹചര്യത്തിൽ അതിന് ഉത്തരവാദികളായവരെ കണ്ടെത്തി വകുപ്പുതല നടപടി സ്വീകരിക്കണമെന്നും കൺവീനറുടെ പക്കൽ തുക ബാക്കി നിൽക്കുന്നുവെങ്കിൽ കണക്ക് തീർത്ത് ആയത് തിരികെ ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെയും നടപടി സ്വീകരിക്കണമെന്നും ബാക്കി നിൽക്കുന്ന തുക പലിശ സഹിതം കൺവീനറിൽ നിന്നും അടിയന്തരമായി ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**3.4.2.** പരാമർശ വിഷയം സംബന്ധിച്ച് ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി 13.09.2010-ലെ എ 2-1020/08 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 1998-99-ലെ പദ്ധതികളുമായി ബന്ധപ്പെട്ട കൺവീനറായിരുന്ന ശ്രീ. കൊച്ചാപ്പി കൈപ്പറ്റിയിരുന്ന 5,33,150/- രൂപയിൽ 5,31,150/- രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചതായി രേഖകളിൽ കാണുന്നു എന്നും കക്കൂസ് നിർമ്മാണം സംബന്ധിച്ച മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് തിരുത്തിയിട്ടുള്ളതാണെങ്കിലും ടി കക്കൂസുകൾ പൂർണ്ണമായി പൂർത്തിയാക്കിയിട്ടുള്ളതായി പ്രാദേശിക അന്വേഷണത്തിൽ ബോധ്യമായിട്ടുള്ളതാണെന്നും കൺവീനർക്ക് നൽകിയ തുകയിൽ വൗച്ചറുകൾ ഹാജരാക്കിയിട്ടില്ലാത്ത 2,000/- രൂപ കൺവീനറായ ശ്രീ. കൊച്ചാപ്പി മരണമടഞ്ഞ സാഹചര്യത്തിൽ അന്നത്തെ സെക്രട്ടറി ശ്രീമതി വിജയമ്മയിൽ നിന്നും ഈടാക്കാവുന്നതാണെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

**3.4.3.** പട്ടികജാതി വിഭാഗത്തിന് കക്കൂസ് നിർമ്മാണത്തിന് മൊബിലൈസേഷൻ അഡ്വാൻസായി 1999-2000-ൽ 15,225/- രൂപ ശ്രീ. കൊച്ചാപ്പി കൈപ്പറ്റിയിരുന്നെങ്കിലും കക്കൂസ് പൂർത്തീകരിച്ചത് സംബന്ധിച്ച് യാതൊരു രേഖകളും കണ്ടെത്താൻ കഴിഞ്ഞില്ല എന്നതിനാൽ പ്രസ്തുത തുക തിരിച്ച പിടിക്കേണ്ടതായിരുന്നു എന്നും 1999-2000 വർഷത്തിൽ നൽകിയ ഈ അഡ്വാൻസ് തുക ഉപയോഗിച്ച് പ്രവൃത്തി നടന്നിട്ടില്ലെങ്കിൽ ഈ തുക തിരിച്ചുപിടിക്കേണ്ടിയിരുന്നത് 2000-01 വർഷത്തിലായിരുന്നവെന്നും പ്രസ്തുത തുക തിരിച്ച് പിടിക്കാതിരുന്നതിന്റെ ഉത്തരവാദിത്വം 18.04.2000 മുതൽ 2.11.2000 വരെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. അബ്ദുൾ ഹലീം-ന് ആണെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ശ്രീമതി വിജയമ്മയും ശ്രീ. അബ്ദുൾ ഹലീമും സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു.

**3.4.4.** കൺവീനർ മരണമടഞ്ഞതിനാൽ തുക നൽകിയ സെക്രട്ടറിമാരായ ശ്രീമതി വിജയമ്മ, ശ്രീ. അബ്ദുൾ ഹലിം എന്നിവരിൽ നിന്ന് തുക ഈടാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. ടിയാളുകൾക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടർക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.08.2012-ലെ എ 2. 3814/2012 നമ്പർ കത്ത് പ്രകാരം അപേക്ഷ നൽകുകയും തുടർന്ന് 29.11.2012-ൽ ആർ.ആർ/2012/10054/4 എന്ന രജിസ്ട്രേഷൻ നമ്പർ പ്രകാരം ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്ന വിവരവും ബോധിപ്പിക്കുന്നു.

**3.4.5.** ജില്ലാ കളക്ടറിൽ നിന്നും റവന്യൂ റിക്കവറി നടപടികൾക്കായി ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് അറിയിച്ച സാഹചര്യത്തിൽ വില്ലേജ് ഓഫീസറോട് അന്വേഷിച്ചതിൽ റവന്യൂ റിക്കവറി നടപടികൾ ഉടൻതന്നെ ആരംഭിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ബഹു. നിയമസഭാ സമിതി തീരുമാനപ്രകാരമുള്ള നടപടിയാകയാൽ ആർ.ആർ. നടപടി പൂർത്തിയാക്കുന്ന കാര്യത്തിൽ കാലതാമസമുണ്ടാകരുതെന്ന് വില്ലേജ് ഓഫീസറോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5/6/13 ലെ എ 2-3814/12 നം. കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ടെന്ന വിവരവും ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**3.4.6.** ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള കരാറുകാരൻ മരണമടഞ്ഞിട്ടുള്ളതിനാൽ തുക നൽകിയ സെക്രട്ടറിമാരായ ശ്രീ. അബ്ദുൾ ഹലീമിൽ നിന്ന് 51,461/- രൂപയും ശ്രീമതി വിജയമ്മയിൽ നിന്ന് 7,194/- രൂപയും റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് ഈടാക്കിയിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കിയ രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്.

**തകഴി ഗ്രാമപഞ്ചായത്ത്**

**<u>ഖണ്ഡിക-17</u>**

**ശിപാർശ**

**3.5.1.** തകഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**3.5.2.** നിയമസഭാ സമിതി ടി പരാമർശം ഒഴിവാക്കിയതായി ശിപാർശ ചെയ്തിട്ടുണ്ട്. തകഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 26.11.2015-ലെ എ 2/1020/2008 നമ്പർ കത്ത് പ്രകാരം സമിതി ശിപാർശ അറിയിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**3.5.3.** ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 03.08.2016-ലെ കെ.എസ്.എ-എ.എൽ.പി-ജി.എ 3-679/16-ാം നമ്പർ കത്തിലൂടെ ഖണ്ഡികയിലെ പരാമർശം ഒഴിവാക്കിയതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

**തകഴി ഗ്രാമപഞ്ചായത്ത്**

**<u>ഖണ്ഡിക-20</u>**

**ശിപാർശ**

**3.6.1.** തകഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**3.6.2.** നിയമസഭാ സമിതി ടി പരാമർശം ഒഴിവാക്കിയതായി ശിപാർശ ചെയ്തിട്ടുണ്ട്. തകഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 26.11.2015-ലെ എ 2/1020/2008 നമ്പർ കത്ത് പ്രകാരം സമിതി ശിപാർശ അറിയിച്ചിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്

**3.6.3.** ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 03.08.2016-ലെ കെ.എസ്.എ-എ.എൽ.പി-ജി.എ 3-679/16-ാം നമ്പർ കത്തിലൂടെ ഖണ്ഡികയിലെ പരാമർശം ഒഴിവാക്കിയതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

## നൂറനാട് ഗ്രാമപഞ്ചായത്ത്

## ഖണ്ഡിക-28

## ശിപാർശ

**3.7.1.** പഞ്ചായത്തിലെ രസീത് ബുക്ക് ഉപയോഗിച്ച് പ്രസിഡന്റ് അനധികൃതമായി പിരിവ് നടത്തിയതുമായി ബന്ധപ്പെട്ട് യു.ഡി. ക്ലാർക്ക് ശ്രീമതി റഷീദാമ്മാളിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും രസീത് ബുക്കുകൾ അന്വേഷണത്തിനായി വിജിലൻസിന് കൈമാറിയിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ച സാഹചര്യത്തിലും പ്രസിഡന്റ് അനധികൃതമായി പിരിച്ച തുക തിരികെ അടവ് വരുത്തിയിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**3.7.2.** നിയമസഭാ സമിതി ടി പരാമർശം ഒഴിവാക്കിയതായി ശിപാർശ ചെയ്തിട്ടുണ്ട്. നൂറനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 26.11.2015-ലെ എ 2/1020/2008 നമ്പർ കത്ത് പ്രകാരം സമിതി ശിപാർശ അറിയിച്ചിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്

**3.7.3.** ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 03.08.2016-ലെ കെ.എസ്.എ-എ.എൽ.പി-ജി.എ 3-679/16-ാം നമ്പർ കത്തിലൂടെ ഖണ്ഡികയിലെ പരാമർശം ഒഴിവാക്കിയതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

**നൂറനാട് ഗ്രാമപഞ്ചായത്ത്**

**ഖണ്ഡിക-31**

**ശിപാർശ**

**3.8.1.** നൂറനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെയും വിശദീകരണം അംഗീകരിച്ചുകൊണ്ട് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**3.8.2.** നിയമസഭാ സമിതി ടി പരാമർശം ഒഴിവാക്കിയതായി ശിപാർശ ചെയ്തിട്ടുണ്ട്. നൂറനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 26.11.2015-ലെ എ 2/1020/2008 നമ്പർ കത്ത് പ്രകാരം സമിതി ശിപാർശ അറിയിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**3.8.3** ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 03.08.2016-ലെ കെ.എസ്.എ-എ.എൽ.പി-ജി.എ 3-679/16-ാം നമ്പർ കത്തിലൂടെ ഖണ്ഡികയിലെ പരാമർശം ഒഴിവാക്കിയതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

**നൂറനാട് ഗ്രാമപഞ്ചായത്ത്**

**ഖണ്ഡിക-35**

**ശിപാർശ**

**3.9.1.** സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ യഥാസമയം വകുപ്പുതല നടപടി സ്വീകരിക്കാതിരിക്കുന്നത് ഗുരുതരമായ തെറ്റാണെന്നും വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിൽ പഞ്ചായത്ത് വകുപ്പ് കാണിക്കുന്ന അലംഭാവം ഇത്തരം സാമ്പത്തിക ക്രമക്കേടുകൾ വർദ്ധിപ്പിക്കുന്നതിന് കാരണമാകുമെന്നും സമിതി അഭിപ്രായപ്പെടുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**3.9.2** ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2009-11)യുടെ 24-ാമത് റിപ്പോർട്ടിൽ ഖണ്ഡിക 35 ലുൾപ്പെട്ട നൂറനാട് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചുള്ള ശിപാർശ കമ്മിറ്റി വായിച്ച ചർച്ച ചെയ്തു. ആലപ്പുഴ ജില്ലയിൽ നൂറനാട് ഗ്രാമപഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചാർജ് വഹിച്ചിരുന്ന ശ്രീ.സി.കെ.മോഹനൻ വിവിധ ചെക്കുകൾ മുഖാന്തരം പണം പിൻവലിച്ച് സാമ്പത്തിക ക്രമക്കേടുകൾ നടത്തിയെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് കണ്ടെത്തുകയുണ്ടായി. ടി ജീവനക്കാരനെതിരെയുള്ള വകുപ്പുതല നടപടികളുടെ ഭാഗമായി 27.08.2001-ൽ ടിയാനെ സർവീസിൽനിന്ന് സസ്പെൻഡ് ചെയ്യുകയുണ്ടായി. ടി ജീവനക്കാരൻ 31.08.2001 ൽ സർവ്വീസിൽ നിന്നും വിരമിച്ചു. ലോക്കൽ ഫണ്ട് ഓഡിറ്റ് ടിയാളുടെ ബാധ്യതയായി തിട്ടപ്പെടുത്തിയ 74,362/- രൂപ ടിയാന്റെ ഡി.സി.ആർ.ജി. യിൽ നിന്നും ഈടാക്കിയ സാഹചര്യത്തിലും ക്രമക്കേടുകൾ നടത്തിയ ഉദ്യോഗസ്ഥനെതിരെ നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാലും ടി ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് 26.11.2014-ലെ V(6) നമ്പർ തീരുമാന പ്രകാരം ബഹുമാനപ്പെട്ട ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്

**3.9.3** പരാമർശിത വിഷയം സംബന്ധിച്ച് ഈ കാലയളവിൽ ശ്രീ.സി.കെ.മോഹനനെ വകുപ്പുതല നടപടികളുടെ ഭാഗമായി 27.08.2001 ൽ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. ഇയാൾ 31.08.2001 ൽ സർവ്വീസിൽ നിന്നും വിരമിച്ചു. ഇയാളുടെ ബാധ്യതയായി തിട്ടപ്പെടുത്തിയ 74,362/- രൂപ ഇയാളുടെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കിയ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം

ഒഴിവാക്കുവാൻ സഭാസമിതിയുടെ (2009-11) 24-ാമത് റിപ്പോർട്ട് ഖണ്ഡിക 36 പ്രകാരം സമിതി നിർദേശിച്ചിട്ടുള്ളതാണ്. അതിൻപ്രകാരം 28.05.2011 ലെ LFGA3(1)/07/2011 നമ്പർ നടപടിക്രമം മുഖേന പ്രസ്തുത പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

## നൂറനാട് ഗ്രാമപഞ്ചായത്ത്

## ഖണ്ഡിക 36

## ശിപാർശ

**3.10.1** ശ്രീ.സി.കെ.മോഹനന്റെ ബാധ്യതയായി തിട്ടപ്പെടുത്തിയ 74,362/- രൂപ ടിയാന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കിയ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**3.10.2** നിയമസഭാസമിതി ടി പരാമർശം ഒഴിവാക്കിയതായി ശിപാർശ ചെയ്തിട്ടുണ്ട്. നൂറനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.11.2015 ലെ എ 2/1020/2008 നമ്പർ കത്ത് പ്രകാരം സമിതി ശിപാർശ അറിയിച്ചിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്

**3.10.3** ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 03.08.2016 ലെ കെ.എസ്.എ – എ.എൽ.പി - ജി.എ.3-679/16-ാം നമ്പർ കത്തിലൂടെ ഖണ്ഡികയിലെ പരാമർശം ഒഴിവാക്കിയതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

## ചെറിയനാട് ഗ്രാമപഞ്ചായത്ത്

### ഖണ്ഡിക 41

### ശിപാർശ

**3.11.1** ഭൂരഹിത കർഷകത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയ്ക്കായി ഭൂമി വാങ്ങുമ്പോൾ ഭൂമിയുടെ വില നിശ്ചയിക്കേണ്ട അതോറിറ്റി ജില്ലാ കളക്ടറാണെന്നും കളക്ടർ നിശ്ചയിച്ച വില റവന്യൂ ചട്ടപ്രകാരമുള്ളതാണെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

**3.11.2** നിയമസഭാസമിതി ടി പരാമർശം ഒഴിവാക്കിയതായി ശിപാർശ ചെയ്തിട്ടുണ്ട്. ചെറിയനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 26.11.2015 ലെ എ 2/1020/2008 നമ്പർ കത്ത് പ്രകാരം സമിതി ശിപാർശ അറിയിച്ചിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്

**3.11.3** ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 03.08.2016 ലെ കെ.എസ്.എ. - എ.എൽ.പി. ജി.എ.3 - 679/16-ാം നമ്പർ കത്തിലൂടെ ഖണ്ഡികയിലെ പരാമർശം ഒഴിവാക്കിയതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

## ചെറിയനാട് ഗ്രാമപഞ്ചായത്ത്

### ഖണ്ഡിക 46

### ശിപാർശ

**3.12.1** കൃഷി ഓഫീസറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

**3.12.2** നിയമസഭാ സമിതി ടി പരാമർശം ഒഴിവാക്കിയതായി ശിപാർശ ചെയ്തിട്ടുണ്ട്.

ചെറിയനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 26-11-2015-ലെ എ 2/1020/2008 നമ്പർ കത്ത് പ്രകാരം സമിതി ശിപാർശ അറിയിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**3.12.3** ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 03.08.2016 ലെ കെ.എസ്.എ. - എ.എൽ.പി.ജി.എ.3 - 679/16-ാം നമ്പർ കത്തിലൂടെ ഖണ്ഡികയിലെ പരാമർശം ഒഴിവാക്കിയതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

**മാന്നാർ ഗ്രാമപഞ്ചായത്ത്**

**ഖണ്ഡിക 52**

**ശിപാർശ**

**3.13.1** മാന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**3.13.2** നിയമസഭാ സമിതി ടി പരാമർശം ഒഴിവാക്കിയതായി ശിപാർശ ചെയ്തിട്ടുണ്ട്. മാന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 26.11.2015-ലെ എ 2/1020/2008 നമ്പർ കത്ത് പ്രകാരം സമിതി ശിപാർശ അറിയിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**3.13.3** ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 03.08.2016 ലെ കെ.എസ്.എ. - എ.എൽ.പി.ജി.എ.3 - 679/16-ാം നമ്പർ കത്തിലൂടെ ഖണ്ഡികയിലെ പരാമർശം ഒഴിവാക്കിയതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

**മാന്നാർ ഗ്രാമപഞ്ചായത്ത്**

**ഖണ്ഡിക 59**

**ശിപാർശ**

**3.14.1** ഗ്രൂപ്പ് അടിസ്ഥാനത്തിൽ വെള്ളി ആഭരണങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിൽ ക്രമക്കേട് നടത്തിയ മുൻ സെക്രട്ടറി ശ്രീ.മുഹമ്മദ് നദീറിന്റെ ശമ്പളത്തിൽ നിന്നും പദ്ധതിക്കുവേണ്ടി സബ്സിഡി ഇനത്തിൽ ചെലവാക്കിയ 20,000/- രൂപ ഈടാക്കി ആയതിന്റെ വിവരങ്ങൾ ഒരു മാസത്തിനകം റിപ്പോർട്ട് ചെയ്യാമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി മുമ്പാകെ നൽകിയ ഉറപ്പ് പാലിക്കാതിരുന്ന ആലപ്പുഴ ഡി.ഡി.പി. ശ്രീ.സി.എം.കുമാരന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. സമിതിയ്ക്ക് നൽകിയ ഉറപ്പ് പാലിക്കാതിരിക്കുകയും ബാധ്യത തുക ഈടാക്കാതിരിക്കുകയും ചെയ്ത ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടിയെടുക്കണമെന്ന് സമിതി നിർദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**3.14.2** പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആയിരുന്ന ശ്രീ.സി.എം.കുമാരൻ 31.3.2010-ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**3.14.3** മുൻ സെക്രട്ടറി ശ്രീ. മുഹമ്മദ് നദീറിന്റെ ശമ്പളത്തിൽ നിന്ന് ആകെ 20,000/- രൂപ ഈടാക്കിയതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്.

**മാന്നാർ ഗ്രാമപഞ്ചായത്ത്**

**ഖണ്ഡിക 60**

**ശിപാർശ**

**3.15.1** ഓഡിറ്റിൽ നിരാകരിച്ച 20,000/- രൂപ പ്രസ്തുത കാലയളവിൽ സെക്രട്ടറി ആയിരുന്ന ശ്രീ.മുഹമ്മദ് നദീറിന്റെ ശമ്പളത്തിൽ നിന്നും ഈടാക്കണമെന്നും സമിതി നിർദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

**3.15.2** മുൻ സെക്രട്ടറി ശ്രീ.മുഹമ്മദ് നദീറിന്റെ ശമ്പളത്തിൽ നിന്നും 3/09, 4/09, 5/09 എന്നീ മാസങ്ങളിൽ ഈടാക്കിയ തുക 19,500/- രൂപ 16.8.2010-ൽ രസീത് നം. 40/63049 പ്രകാരം ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ബാക്കിയുണ്ടായിരുന്ന 500/- രൂപ 23.5.2013-ൽ രസീത് നമ്പർ 11302100736 പ്രകാരം ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട് എന്നവിവരവും ബോധിപ്പിക്കുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്

**3.15.3** മുൻ സെക്രട്ടറി മുഹമ്മദ് നദീറിന്റെ ശമ്പളത്തിൽ നിന്ന് ആകെ 20,000/- രൂപ ഈടാക്കിയതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്.

### മാന്നാർ ഗ്രാമപഞ്ചായത്ത്

### ഖണ്ഡിക 65

### ശിപാർശ

**3.16.1** ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

**3.16.2** നിയമസഭാ സമിതി ടി പരാമർശം ഒഴിവാക്കിയതായി ശിപാർശ ചെയ്തിട്ടുണ്ട്. മാന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.11.2015-ലെ എ 2/1020/2008 നമ്പർ കത്ത് പ്രകാരം സമിതി ശിപാർശ അറിയിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**3.16.3** ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 03.08.2016 ലെ കെ.എസ്.എ. - എ.എൽ.പി.-ജി.എ.3 - 679/16-ാം നമ്പർ കത്തിലൂടെ ഖണ്ഡികയിലെ പരാമർശം ഒഴിവാക്കിയതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

**പത്തിയൂർ ഗ്രാമപഞ്ചായത്ത്**

**ഖണ്ഡിക 69**

**ശിപാർശ**

**3.17.1** മണ്ഡരി രോഗ നിയന്ത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് പത്തിയൂർ ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ രേഖകൾ പരിശോധിച്ച് ആയതിന്റെ റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**3.17.2** സമിതി നിർദ്ദേശിച്ചതനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തിയ പ്രാദേശിക പരിശോധനയിൽ 1999-2000 വർഷത്തെ ഓഡിറ്റ് ഖണ്ഡിക 34,36 എന്നിവയിലെ പരാമർശങ്ങൾ ഒഴിവാക്കുന്നതാണെന്ന് ശിപാർശ ചെയ്തിരിക്കുന്നതായി ആലപ്പുഴ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 11.04..2011-ലെ എൽ.എഫ്.എ.പി(7)193/11 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**3.17.3** ഈ പദ്ധതിക്കായി ആകെ ചെലവായ 4,00,165/- രൂപയിൽ 3,99,983/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കുകയും ബാക്കിയുള്ള 182/- രൂപ 1.1.2011-ലെ 9/13416 നമ്പർ രസീത് പ്രകാരം തിരികെ ഒടുക്കിയിട്ടുള്ളതുമാണ് എന്ന് അറിയിക്കുന്നു.

## ചേപ്പാട് ഗ്രാമപഞ്ചായത്ത്

## ഖണ്ഡിക 84

### ശിപാർശ

**3.18.1** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിനും നിയമസഭാ സമിതി യോഗങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി ശരിയായ തയ്യാറെടുപ്പോടുകൂടി യോഗത്തിൽ പങ്കെടുക്കുന്നതിനും ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുന്നതിനും ഭരണ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

**3.18.2** പഞ്ചായത്ത് ഡയറക്ടറുടെ 6.3.2008-ലെ എം 1-45287/07-ാം നമ്പർ സർക്കുലർ പ്രകാരം എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും, എല്ലാ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർമാർക്കും. എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും, എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്

**3.18.3** പ്രത്യേക പരാമർശമില്ല.

## ചേപ്പാട് ഗ്രാമപഞ്ചായത്ത്

## ഖണ്ഡിക 85

### ശിപാർശ

**3.19.1** ഓഡിറ്റ് പരാമർശത്തിൽ ക്രമക്കേടിന് ഉത്തരവാദി ആരാണെന്നും എത്ര രൂപയാണ് ബാധ്യതയെന്നും കൃത്യമായി രേഖപ്പെടുത്തുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ശ്രദ്ധിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**3.19.2** ടി വിഷയത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറാണ് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്

**3.19.3** കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതിന്റെ തുക ലഭിക്കാത്തതിനെ തുടർന്ന് എ.വി.എം. ഹാച്ചറീസ് കേരള ഹൈക്കോടതിയിൽ ഒ.പി. നമ്പർ 8118/99 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. ഈ വിഷയത്തിൽ തീരുമാനമെടുക്കാൻ കോടതി ജില്ലാകളക്ടർക്ക് 5.4.99-ൽ നിർദ്ദേശം നൽകി. അന്വേഷണത്തിൽ തുക നൽകാതിരുന്ന വെറ്ററിനറി സർജന്റെ നടപടി ശരിയാണെന്ന് ജില്ലാ കളക്ടർ കണ്ടെത്തിയിരുന്നു. ജില്ലാ കളക്ടറുടെ തീരുമാനത്തെ ചോദ്യം ചെയ്ത് എ.വി.എം. ഹാച്ചറീസ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി. നമ്പർ 24288/99 മേൽ തുക നൽകാൻ നിർദ്ദേശിച്ച് കൊണ്ട് ഹൈക്കോടതി തീർപ്പുകൽപ്പിച്ചതിനെ തുടർന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ പണം നൽകിയത്. ജില്ലാ കളക്ടർ നടത്തിയ അന്വേഷണത്തിലും ഉത്തരവാദിയായ ഉദ്യോഗസ്ഥനെ കണ്ടെത്താനായിട്ടില്ലാത്തതാണ്. ഓഡിറ്റ് പരാമർശങ്ങളിൽ ഉത്തരവാദികളായവരെ നിർണ്ണയിക്കുന്നതിലും ബാധ്യത നിർണ്ണയിക്കുന്നതിലും പിഴവുകൾ വരാതെ കൃത്യമായി രേഖപ്പെടുത്തുന്നതിന് ശ്രദ്ധ ചെലുത്തുന്നുണ്ട്. ഓഡിറ്റ് പരാമർശത്തിൽ ക്രമക്കേടിന് ഉത്തരവാദികളെ നിശ്ചയിച്ചും ബാധ്യത തിട്ടപ്പെടുത്തിയുമാണ് ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിക്കുന്നത് എന്നും അറിയിക്കുന്നു.

## ചേപ്പാട് ഗ്രാമപഞ്ചായത്ത്

## ഖണ്ഡിക 86

## ശിപാർശ

**3.20.1** ഓഡിറ്റുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് നൽകുന്ന റിപ്പോർട്ടിലും സമാഹൃത റിപ്പോർട്ടിലും പൊരുത്തക്കേടുകൾ ഉണ്ടാവാതിരിക്കുന്നതിന് ഓഡിറ്റ് വകുപ്പ് ശ്രദ്ധിക്കണമെന്നും അല്ലാത്തപക്ഷം നിരപരാധികളായവരുടെ പേരിൽ ബാധ്യത ചുമത്തുന്നതിനും ഉത്തരവാദികളായവർ ഒഴിവാക്കപ്പെടുന്നതിനും ഇടയാകുമെന്നും സമിതി ഓഡിറ്റ് വകുപ്പിനെ ഓർമ്മപ്പെടുത്തുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**3.20.2** ടി വിഷയത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറാണ് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്

**3.20.3** പഞ്ചായത്തിന് നൽകുന്ന ഓഡിറ്റ് റിപ്പോർട്ടുകളും സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളും തമ്മിൽ പൊരുത്തക്കേടുകൾ ഉണ്ടാകാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്.

## ചേപ്പാട് ഗ്രാമപഞ്ചായത്ത്

## ഖണ്ഡിക 87

## ശിപാർശ

**3.21.1** 'അടുക്കളമുറ്റത്തെ കോഴി' എന്ന പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് സമിതിയുടെ നിർദ്ദേശ പ്രകാരം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ നിന്നും പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടെന്നും പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നതിൽ നിന്നും വ്യത്യസ്തമായി നിർവ്വഹണം നടത്തിയിട്ടുള്ളതായും നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുള്ളതായും സമിതി വിലയിരുത്തുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**3.21.2** അട്ടക്കളമുറ്റത്തെ കോഴി എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിക്ക് വേണ്ടി ചെലവഴിച്ചതിന്റെ 50% തുകയായ 75,500/- രൂപ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, പഞ്ചായത്ത് സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. അതിൻ പ്രകാരം 8 ഭരണസമിതി അംഗങ്ങളിൽ നിന്നും സെക്രട്ടറിയിൽ നിന്നും തുക ഈടാക്കിയിട്ടുണ്ട്. ഭരണസമിതി അംഗമായ ശ്രീമതി ഉഷാകുമാരിയിൽ നിന്നും ആർ.ആർ. നടപടികളിലൂടെ തുക ഈടാക്കുന്നതിന് 21.07.2012-ൽ ആർ.ആർ.2012/5657/4 നമ്പർ പ്രകാരം ബഹുമാനപ്പെട്ട ആലപ്പുഴ ജില്ലാ കളക്ടർക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ചുവെങ്കിലും നാളിതുവരെ തുക ഈടാക്കി ലഭിച്ചിട്ടില്ലാത്തതാണ്. 11.4.2013-ൽ സി.1-4314/2010 നമ്പറായി ഒരു ഓർമ്മക്കുറിപ്പ് കൂടി നൽകിയിട്ടുള്ളതാണ്. ശ്രീമതി ഉഷാകുമാരിയിൽ നിന്നും തുക ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ബഹു. കാർത്തികപ്പള്ളി തഹസീൽദാരുടെ 15.05.2013-ലെ ബി.2-8355/13 misc നമ്പർ കത്ത് പ്രകാരം അറിയിച്ചിരുന്നു. നിലവിലെ പുരോഗതി ആവശ്യപ്പെട്ട് ബഹു. കാർത്തികപ്പള്ളി തഹസിൽദാർക്ക് 26.12.2013-ൽ കത്ത് നൽകുകയുണ്ടായി. തുടർന്ന് 15.01.2014-ലെ ബി.2-103/12 നമ്പർ കത്ത് പ്രകാരം ആർ.ആർ. കുടിശ്ശിക കക്ഷിയായ ശ്രീമതി ഉഷാകുമാരി, കോയിപ്പള്ളി ഹൗസ്, കാർത്തികപ്പള്ളി, ആലപ്പുഴ എന്നവർ ഇപ്പോൾ ഉഷസ്സ് ഭവനം, കല്ലമ്പലം, തോട്ടയ്ക്കാട്, കരമാരം പി.ഒ. എന്ന വിലാസത്തിൽ താമസിക്കുന്നതായി അന്വേഷണത്തിൽ അറിയുന്നതിനാൽ ആർ.ആർ.സി ബഹു. ജില്ലാ കളക്ടർക്ക് മടക്കുന്നതിനായി പരിഗണിച്ച് വരുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ടി ഫയലുമായി ബന്ധപ്പെട്ട് നിലവിലെ അവസ്ഥ അറിയുന്നതിന് ബഹു. ജില്ലാ കളക്ടർ, കാർത്തികപ്പള്ളി തഹസീൽദാർ എന്നിവർക്ക് 06.01.2015-ൽ സി1.4314/10 നമ്പർ കത്ത് നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**3.21.3** പരാമർശിത വിഷയത്തിന്മേൽ സഭാസമിതിയുടെ നിർദ്ദേശപ്രകാരം ആകെയുള്ള 9 ഭരണസമിതി അംഗങ്ങളിൽ നിന്നും സെക്രട്ടറിയിൽ നിന്നും നഷ്ടത്തുകയായ 75,500/- രൂപ തുല്യമായി താഴെ പറയുന്ന രസീതുകൾ പ്രകാരം ഈടാക്കിയതായി ബോധ്യപ്പെട്ടു.

| ക്രമ നം. | പേര് | തുക | രസീത് നം. തീയതി |
|---|---|---|---|
| 1 | എഡിസൺ, സെക്രട്ടറി | 7550 | 64/31932/15.6.11 |
| 2 | എൻ. കരുണാകരൻ, പ്രസിഡന്റ് | 7550 | ആർ.എഫ്.നം. 12/63318/28.07.10 |
| 3 | മണിലേഖ എം. | 7550 | 47/63323/15.09.10 |
| 4 | മാത്യു വർഗ്ഗീസ് | 7550 | 11201400001/04.01.2013 |
| 5 | ബേബി ലക്ഷ്മി | 7550 | 42/37030/09.04.12 |
| 6 | വി. കെ. സഹദേവൻ | 7550 | 17/63325/29.09.10 |
| 7 | എം. കെ. വേണുകുമാർ | 7550 | 69/63325/10.01.10 |
| 8 | പി. എൽ. തുളസി | 7550 | 84/16794/26.07.10 |
| 9 | വി. കെ. മാധവൻകുട്ടി | 7550 | 11301100431/28.05.13 |
| 10 | ഉഷാകുമാരി | 7550 | 11401104725/16.02.15 |
| | **ആകെ** | **75500** | |

ഈ തുക 11.05.2015-ലെ 44-ാം നമ്പർ ചെലാൻ പ്രകാരം മുതുകുളം സബ്ട്രഷറിയിൽ ഒടുക്കവരുത്തിയിട്ടുണ്ട്.

**ചേപ്പാട് ഗ്രാമപഞ്ചായത്ത്**

ഖണ്ഡിക 88

**ശിപാർശ**

**3.22.1** നിർവ്വഹണ ഉദ്യോഗസ്ഥയായി വെറ്ററിനറി സർജൻ പ്രവർത്തിച്ചിട്ടില്ലാത്തതിനാലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഒബ്ജക്ഷൻ പറഞ്ഞിട്ടുള്ളതിനാലും പദ്ധതി നടത്തിപ്പിലെ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുള്ളതിനാലും വെറ്ററിനറി സർജന്റെ പേരിൽ ബാദ്ധ്യത ചുമത്തേണ്ടതില്ലെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**3.22.2** നിർവ്വഹണ ഉദ്യോഗസ്ഥയായ വെറ്ററിനറി സർജന്റെ പേരിൽ ബാദ്ധ്യത ചുമത്തിയിട്ടില്ല.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

**3.22.3** നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജന്റെ പേരിൽ ബാദ്ധ്യത ചുമത്തിയിട്ടില്ല.

**ചേപ്പാട് ഗ്രാമപഞ്ചായത്ത്**

ഖണ്ഡിക 89

**ശിപാർശ**

**3.23.1** പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് നടന്ന ഭരണസമിതി യോഗങ്ങളിൽ അംഗങ്ങളാരും വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രോജക്റ്റിന് അംഗീകാരം നൽകിയതിലും ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിലും ക്വട്ടേഷൻ ക്ഷണിച്ചതിലും ക്വട്ടേഷൻ അംഗീകരിച്ചതിലും കോടതി നിർദ്ദേശ പ്രകാരം എ.വി.എം. ഹാച്ചറീസിന് പണം നൽകിയതിലും ഭരണസമിതി അംഗങ്ങൾക്ക് ഏകാഭിപ്രായമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിൽ നിന്നും പദ്ധതിയുടെ നിർവ്വഹണത്തിൽ സംഭവിച്ച വീഴ്ചകൾക്ക് ഭരണസമിതിക്ക് കൂട്ടുത്തരവാദിത്വമാണെന്നും ചട്ടപ്രകാരമുള്ള നടപടിക്രമങ്ങളെപ്പറ്റിയും നിയമപരമായ നടപടിക്രമങ്ങളെപ്പറ്റിയും പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എ. എഡിസൺ പഞ്ചായത്ത് സമിതിയുടെ യോഗങ്ങളിൽ അഭിപ്രായം രേഖപ്പെടുത്തുകയോ വിയോജനം അറിയിക്കുകയോ

ചെയ്യിട്ടില്ലാത്തതിനാലും ടിയാന് ഇതിൽ തുല്യ ബാദ്ധ്യതയാണുള്ളതെന്നും സമിതി വിലയിരുത്തുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

**3.23.2** സമിതി നിർദ്ദേശ പ്രകാരം ആകെയുള്ള 9 ഭരണ സമിതി അംഗങ്ങളിൽ 6 പേരിൽ നിന്നും നേരിട്ടും രണ്ട് പേരിൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെയും തുക ഈടാക്കിയിട്ടുള്ളതാണ്. ഭരണസമിതി അംഗമായ ശ്രീമതി. ജെ. ഉഷാകുമാരി എന്നിവരിൽ നിന്നും തുക ആർ. ആർ നടപടിയിലൂടെ ഈടാക്കുന്നതിന് 21.07.2012 ൽ ആർ. ആർ/2012/5657/4 പ്രകാരം ബഹു.ആലപ്പുഴ ജില്ലാ കളക്ടർക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ചുവെങ്കിലും നാളിതുവരെ തുക ഈടാക്കി ലഭിച്ചിട്ടില്ലാത്തതാണ്. 11.04.2013 ൽ സി.1-4314/10 നമ്പരായി ഒരു ഓർമ്മക്കുറിപ്പ് കൂടി നൽകിയിട്ടുള്ളതാണ്. ശ്രീമതി ഉഷാകുമാരിയിൽ നിന്നും തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ബഹു. കാർത്തികപ്പള്ളി തഹസിൽദാർ അറിയിച്ചിട്ടുണ്ട്. നിലവിലെ പുരോഗതി ആവശ്യപ്പെട്ട് ബഹു. കാർത്തികപ്പള്ളി തഹസിൽദാർക്ക് 26/12/2013 ൽ കത്ത് നൽകുകയുണ്ടായി. തുടർന്ന് 15.1.2014 ലെ ബി2/103/misc നമ്പർ കത്ത് പ്രകാരം ആർ. ആർ. കുടിശ്ശിക കക്ഷിയായ ശ്രീമതി ഉഷാകുമാരി, കോയിപ്പള്ളി ഹൗസ്, കാർത്തികപ്പള്ളി, ആലപ്പുഴ എന്നവർ ഇപ്പോൾ ഉഷസ്സ് ഭവനം, കല്ലമ്പലം, തോട്ടയ്ക്കാട്, കരവാരം പി. ഒ. എന്ന വിലാസത്തിൽ താമസിക്കുന്നതായി അന്വേഷണത്തിൽ അറിയുന്നതിനാൽ RRC ബഹു. ജില്ലാ കളക്ടർക്ക് മടക്കുന്നതിനായി പരിഗണിച്ചുവരുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ടി ഫയലുമായി ബന്ധപ്പെട്ട് നിലവിലെ അവസ്ഥ അറിയുന്നതിന് ബഹു. ജില്ലാ കളക്ടർ, കാർത്തികപ്പള്ളി തഹസിൽദാർ എന്നിവർക്ക് 06.01.2015 ൽ സി.14314/10 നമ്പർ കത്ത് നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കിയവരുടെ വിവരം ചുവടെ ചേർത്ത് സമർപ്പിക്കുന്നു.

| നം. | പേര് | തുക | രസീത് നം.<br>തീയതി |
|---|---|---|---|
| 1 | എഡിസൺ, സെക്രട്ടറി | 7550 | 64/31932/13.06.11 |
| 2 | എൻ. കരുണാകരൻ, പ്രസിഡന്റ് | 7550 | ആർ.എഫ്.നം.<br>12/63318/28.07.10 |

| | | | |
|---|---|---|---|
| 3 | മണിലേഖ. എം | 7550 | 47/63323/15.09.10 |
| 4 | മാത്യൂവർഗ്ഗീസ് | 7550 | 11201400001/04.01.13 |
| 5 | ബേബി ലക്ഷ്മി | 7550 | 42/37030/04.09.12 |
| 6 | വി. കെ. സഹദേവൻ | 7550 | 17/63325/29.09.10 |
| 7 | എം. കെ. വേണുകുമാർ | 7550 | 69/63325/10.01.10 |
| 8 | പി. എൽ. തുളസി | 7550 | 84/16794/26.07.10 |
| 9 | വി. കെ. മാധവൻകുട്ടി | 7550 | 1130110431/28.05.13 |

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

**3.23.3** പരാമർശിത വിഷയത്തിന്മേൽ സഭാസമിതിയുടെ നിർദ്ദേശ പ്രകാരം ആകെയുള്ള 9 ഭരണ സമിതി അംഗങ്ങളിൽ നിന്നും സെക്രട്ടറിയിൽ നിന്നും നഷ്ടത്തുകയായ 75,500/- രൂപ തുല്യമായി താഴെ പറയുന്ന രസീതുകൾ പ്രകാരം ഈടാക്കിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു.

| നം. | പേര് | തുക | രസീത് നം.<br>തീയതി |
|---|---|---|---|
| 1 | എഡിസൺ, സെക്രട്ടറി | 7550 | 64/31932/15.06.11 |
| 2 | എൻ. കരുണാകരൻ, പ്രസിഡന്റ് | 7550 | ആർ.എഫ്.നം.<br>12/63318/28.07.10 |
| 3 | മണിലേഖ. എം | 7550 | 47/63323/15.09.10 |
| 4 | മാത്യൂവർഗ്ഗീസ് | 7550 | 11201400001/04.01.2013 |
| 5 | ബേബി ലക്ഷ്മി | 7550 | 42/37030/09.04.12 |
| 6 | വി. കെ. സഹദേവൻ | 7550 | 17/63325/29.09.10 |
| 7 | എം. കെ. വേണുകുമാർ | 7550 | 69/63325/10.10.10 |
| 8 | പി. എൽ. തുളസി | 7550 | 84/16794/26.07.10 |
| 9 | വി. കെ. മാധവൻകുട്ടി | 7550 | 11301100431/28.05.13 |
| 10 | ഉഷാകുമാരി | 7550 | 11401104725/16.02.15 |
| | **ആകെ** | 75500 | |

**3.23.4** ഈ തുക 11.05.2015-ലെ 44-ാം നമ്പർ ചെലാൻ പ്രകാരം മുതുകുളം സബ് ട്രഷറിയിൽ ഒടുക്കു വരുത്തിയിട്ടുണ്ട്.

**പാലമേൽ ഗ്രാമപഞ്ചായത്ത്**

ഖണ്ഡിക 97

**ശിപാർശ**

**3.24.1** സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ജലസേചന കിണർ നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളെല്ലാം ലോക്കൽ ഫണ്ട് ഓഡിറ്റിന് പരിശോധനയ്ക്കായി ലഭ്യമാക്കാമെന്ന് സമിതിക്ക് നൽകിയ ഉറപ്പ് പാലിക്കാതിരുന്ന പാലമേൽ കൃഷി ഓഫീസർ ശ്രീ. ബി. അനിൽകുമാറിന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. സമിതിക്ക് നൽകിയ ഉറപ്പ് പാലിക്കുന്നതിൽ വീഴ്ച വരുത്തിയ ശ്രീ. ബി. അനിൽകുമാറിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി കൃഷി വകുപ്പിനോട് ശിപാർശ ചെയ്യുന്നു. ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കാത്ത കൃഷി ഓഫീസറുടെ നടപടി പദ്ധതിയിൽ ക്രമക്കേട് നടന്നുവെന്നതിന്റെ മതിയായ തെളിവാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിയ്ക്കുവേണ്ടി ചെലവഴിച്ച തുകയിൽ ഓഡിറ്റ് നിരാകരിച്ച 31,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന കൃഷി ഓഫീസർ ശ്രീ. ജെ. സജീവിൽ നിന്നും ഈടാക്കണമെന്നും ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**3.24.2** ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകിയ 18.08.2010 ലെ ആർ.ആർ/10/2959/4 നമ്പർ ആർ. ആർ റിക്വിസിഷന്റെ അടിസ്ഥാനത്തിൽ മാവേലിക്കര തഹസിൽദാർ, കൃഷി ഓഫീസർ ശ്രീ.ജെ സജീവിൽ നിന്നും 2003-04 ലെ സമാഹൃത റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം 31,000/- രൂപ ഈടാക്കുകയും 8.2.2013 ലെ 845288 നമ്പർ ഡി.ഡി പ്രകാരം ആയത് പഞ്ചായത്ത് ഓഫീസിൽ അടക്കുകയുമുണ്ടായി. കൃഷി ഓഫീസർമാരായിരുന്ന ശ്രീ. ബി. അനിൽകുമാർ, ശ്രീ. ജെ. സജീവ് എന്നിവർക്കെതിരെ സമിതി നിർദ്ദേശപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ 23.7.2010, 25.10.2010,

18.12.2010, 19.4.2011, 20.3.2013 തീയതികളിലെ എം.1-18612/100 നമ്പർ കത്തുകൾ പ്രകാരം കൃഷി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സമിതി ശിപാർശയുടെ പകർപ്പ് ആലപ്പുഴ പി.എ.ഒ.യ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട് എന്ന മറുപടിയാണ് 8.4.2013 ലെ ഓഡിറ്റ് 4(1) 47187/100 നമ്പർ കത്ത് പ്രകാരം കൃഷി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ളത് എന്ന വിവരം ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

**3.24.3** സമിതിയുടെ നിർദ്ദേശാനുസരണം നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ ജെ. സജീവിൽ നിന്നും റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ 31,000/- രൂപ 18.2.2013-ലെ 224 നമ്പർ ചെലാൻ പ്രകാരം സംസ്ഥാന സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കുവരുത്തിയിട്ടുണ്ട്.

**3.24.4** കൃഷി ഓഫീസർമാരായിരുന്ന ശ്രീ. ബി. അനിൽകുമാർ, ശ്രീ. ജെ. സജീവ് എന്നിവർക്കെതിരെ സമിതി നിർദ്ദേശ പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ കൃഷി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സമിതി ശിപാർശയുടെ പകർപ്പ് ആലപ്പുഴ പെർഫോമൻസ് ഓഡിറ്റ് ഓഫീസർക്ക് അയച്ച് കൊടുത്തിട്ടുണ്ടെന്നാണ് കൃഷി വകുപ്പ് ഡയറക്ടർ അറിയിച്ചത്. മറ്റ് വിവരങ്ങൾ ലഭ്യമാക്കിയില്ല.

**സമിതിയുടെ 17.10.2018 ലെ തെളിവെടുപ്പ് യോഗത്തിൽ ലഭ്യമാക്കിയ മറുപടി**

**3.24.5** സമിതി (2009 11) യുടെ 24-ാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം 31000/- രൂപ റവന്യൂ റിക്കവറി പ്രകാരം പാലമേൽ കൃഷി ഓഫീസറായിരുന്ന ശ്രീ ജെ.സജീവിൽ നിന്ന് ഈടാക്കി 08.02.2013 ലെ 845288 നമ്പർ ഡി.ഡി. പ്രകാരം പാലമേൽ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകി പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ട്. ജലസേചന കിണർ നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളെല്ലാം സമിതിക്ക് നൽകാമെന്ന് ഉറപ്പ് പാലിക്കാത്ത പാലമേൽ കൃഷി ഓഫീസറായിരുന്ന ശ്രീ.ബി. അനിൽ കുമാറിനെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലമില്ലാതെ ഒരു

വർഷത്തേക്ക് തടഞ്ഞുകൊണ്ടും കൃഷി ഓഫീസറായിരുന്ന ശ്രീ ജെ. സജീവിന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ടും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 23.10.2013 ലെ എസ്.വി.സി(4) 30181/11 പ്രകാരം ഉത്തരവായിട്ടുണ്ട്.

## സമിതിയുടെ 09.05.2022 ലെ യോഗത്തിൽ ലഭ്യമാക്കിയ സർക്കാർ മറുപടി

**3.24.6** സമിതി (2009-11)യുടെ 24-ാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം 31,000/- രൂപ റവന്യൂ റിക്കവറി പ്രകാരം പാലമേൽ കൃഷി ഓഫീസറായിരുന്ന ശ്രീ.ജെ.സജീവിൽ നിന്ന് ഈടാക്കി 08.02.2013 ലെ 845288 നമ്പർ ഡി.ഡി പ്രകാരം പാലമേൽ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകി പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ട്. ജലസേചന കിണർ നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളെല്ലാം സമിതിക്ക് നൽകാമെന്ന ഉറപ്പ് പാലിക്കാത്ത പാലമേൽ കൃഷി ഓഫീസറായിരുന്ന ശ്രീ. ബി. അനിൽ കുമാറിനെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ടും, കൃഷി ഓഫീസറായിരുന്ന ശ്രീ. ജെ. സജീവിന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ടും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 23.10.2013 ലെ എസ്.വി.സി(4)30181/11 പ്രകാരം ഉത്തരവായിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

**3.24.7** പാലമേൽ ഗ്രാമപഞ്ചായത്ത് മുൻ കൃഷി ഓഫീസർ ശ്രീ. ജെ. സജീവ്, ആർ. ആർ നടപടിയിലൂടെ ഒടുക്കു വരുത്തിയ തുക 31000/ രൂപ 14.02.2013 ലെ ചെക്ക് നം. 224 പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ട്.

**3.24.8** കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 23.10.2013 ലെ എസ്.വി.സി(4)30181/11 ഉത്തരവ് പ്രകാരം ശ്രീ.ബി. അനിൽ കുമാർ, ശ്രീ. ജെ. സജീവ് എന്നിവരുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞിട്ടുണ്ട്.

### ചിങ്ങോലി ഗ്രാമപഞ്ചായത്ത്

ഖണ്ഡിക 112

### ശിപാർശ

**3.25.1** ചിങ്ങോലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

**3.25.2** നിയമസഭാ സമിതി ടി പരാമർശം ഒഴിവാക്കിയതായി ശിപാർശ ചെയ്തിട്ടുണ്ട്. ചിങ്ങോലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.11.2015-ലെ എ 2/1020/2008 നമ്പർ കത്ത് പ്രകാരം സമിതി ശിപാർശ അറിയിച്ചിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

**3.25.3** ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 03.08.2016 ലെ കെ.എസ്.എ - എ.എൽ.പി. - ജി.എ 3-679/16-ാം നം. കത്തിലൂടെ ഖണ്ഡികയിലെ പരാമർശം ഒഴിവാക്കിയതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

### പുറക്കാട് ഗ്രാമപഞ്ചായത്ത്

ഖണ്ഡിക 122

### ശിപാർശ

**3.26.1** ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

**3.26.2** നിയമസഭാ സമിതി ടി പരാമർശം ഒഴിവാക്കിയതായി ശിപാർശ ചെയ്തിട്ടുണ്ട്. പുറക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.11.2015-ലെ എ 2/1020/2008 നമ്പർ കത്ത് പ്രകാരം സമിതി ശിപാർശ അറിയിച്ചിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

**3.26.3** ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 03.08.2016 ലെ കെ.എസ്.എ-എ.എൽ.പി. - ജി.എ 3-679/16ാം നം. കത്തിലൂടെ ഖണ്ഡികയിലെ പരാമർശം ഒഴിവാക്കിയതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

**വെളിയനാട് ഗ്രാമപഞ്ചായത്ത്**

ഖണ്ഡിക 129

**ശിപാർശ**

**3.27.1** ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**3.27.2** നിയമസഭാ സമിതി ടി പരാമർശം ഒഴിവാക്കിയതായി ശിപാർശ ചെയ്തിട്ടുണ്ട്. വെളിയനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 26.11.2015 ലെ എ 2/1020/2008 നമ്പർ കത്ത് പ്രകാരം സമിതി ശിപാർശ അറിയിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

**3.27.3** ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 03.08.2016 ലെ കെ.എസ്.എ - എ.എൽ.പി. - ജി.എ 3-679/16-ാം നം. കത്തിലൂടെ ഖണ്ഡികയിലെ പരാമർശം ഒഴിവാക്കിയതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

**വെളിയനാട് ഗ്രാമപഞ്ചായത്ത്**

ഖണ്ഡിക 133

**ശിപാർശ**

**3.28.1** ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**3.28.2** നിയമസഭാ സമിതി ടി പരാമർശം ഒഴിവാക്കിയതായി ശിപാർശ ചെയ്തിട്ടുണ്ട്. വെളിയനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 26.11.2015 ലെ എ 2/1020/2008 നമ്പർ കത്ത് പ്രകാരം സമിതി ശിപാർശ അറിയിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്**

**3.28.3** ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 03.08.2016 ലെ കെ.എസ്.എ-എ.എൽ.പി. - ജി.എ 3-679/16-ാം നം. കത്ത് പ്രകാരം ഖണ്ഡികയിലെ പരാമർശം ഒഴിവാക്കിയതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

**കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്**

ഖണ്ഡിക 139

**ശിപാർശ**

**3.29.1** ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**3.29.2** നിയമസഭാ സമിതി ടി പരാമർശം ഒഴിവാക്കിയതായി ശിപാർശ ചെയ്തിട്ടുണ്ട്. കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.11.2015-ലെ എ 2/1020/2008 നമ്പർ കത്ത് പ്രകാരം സമിതി ശിപാർശ അറിയിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**3.29.3** ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 03.08.2016-ലെ കെ.എസ്.എ-എ.എൽ.പി.-ജി.എ 3.-679/16-ാം നമ്പർ കത്ത് പ്രകാരം ഖണ്ഡികയിലെ പരാമർശം ഒഴിവാക്കിയതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

**കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്**

ഖണ്ഡിക 143

**ശിപാർശ**

**3.30.1** സമഗ്ര കേരവികസന പദ്ധതി നടപ്പിലാക്കിയതിന്റെ നടപടി ക്രമങ്ങളിൽ വീഴ്ച വന്നിട്ടുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്തിന് തെങ്ങ് മുറിച്ച് മാറ്റുന്നതിന് മാത്രമേ ചെലവ് വന്നിട്ടുള്ളൂവെന്നും തെങ്ങിൻതൈ വച്ചു പിടിപ്പിച്ചത് പൂർണ്ണമായും ഗുണഭോക്താക്കളുടെ ചെലവിലാണെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം അംഗീകരിച്ചുകൊണ്ട് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**3.30.2** നിയമസഭാ സമിതി ടി പരാമർശം ഒഴിവാക്കിയതായി ശിപാർശ ചെയ്തിട്ടുണ്ട്. കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 26.11.2015-ലെ എ 2/1020/2008 നമ്പർ കത്ത് പ്രകാരം സമിതി ശിപാർശ അറിയിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**3.30.3** ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 03.08.2016-ലെ കെ.എസ്.എ.-എ.എൽ.പി.-ജി.എ 3-679/16-ാം നമ്പർ കത്ത് പ്രകാരം ഖണ്ഡികയിലെ പരാമർശം ഒഴിവാക്കിയതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

**നീലംപേരൂർ ഗ്രാമപഞ്ചായത്ത്**

ഖണ്ഡിക 151

**ശിപാർശ**

**3.31.1** ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു

**സർക്കാർ സ്വീകരിച്ച നടപടി**

**3.31.2** നിയമസഭാ സമിതി ടി പരാമർശം ഒഴിവാക്കിയതായി ശിപാർശ ചെയ്തിട്ടുണ്ട്. നീലംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 26.11.2015-ലെ എ 2/1020/2008 നമ്പർ കത്ത് പ്രകാരം സമിതി ശിപാർശ അറിയിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**3.31.3** ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 03.08.2016-ലെ കെ.എസ്.എ-എ.എൽ.പി.-ജി.എ 3-679/16-ാം നമ്പർ കത്ത് പ്രകാരം ഖണ്ഡികയിലെ പരാമർശം ഒഴിവാക്കിയതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

**കാവാലം ഗ്രാമപഞ്ചായത്ത്**

ഖണ്ഡിക 159

**ശിപാർശ**

**3.32.1** പഞ്ചായത്ത് ഫണ്ടിൽ നിന്നും വ്യാജമായി തുകകൾ പിൻവലിച്ചതിനുത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. എം. യു. മത്തായിയിൽ നിന്നും പ്രസ്തുത തുക ഈടാക്കി ആയതിന്റെ വിവരം സമിതിയ്ക്ക് ലഭ്യമാക്കാമെന്ന്

സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ഹാജരായി സമിതി മുമ്പാകെ നൽകിയ ഉറപ്പ് പാലിക്കാതിരുന്ന ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. സി. എം. കുമാരന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ടിയാനെതിരെ വകുപ്പുതല നടപടിയെടുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**3.32.2** പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ. സി. എം. കുമാരൻ 31.03.2010-ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**3.32.3** പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ. സി. എം. കുമാരൻ 31.03.2010-ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. ഇയാൾക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല എന്നും അറിയിച്ചുകൊള്ളുന്നു.

**ഹരിപ്പാട് ഗ്രാമപഞ്ചായത്ത്**

ഖണ്ഡിക 173

**ശിപാർശ**

**3.33.1** അഞ്ചു മെതിയന്ത്രങ്ങളും റിപ്പയർ ചെയ്ത് ഗുണഭോക്താക്കളെ ഏൽപ്പിക്കണമെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**3.33.2** പ്രസ്തുത മെതി യന്ത്രങ്ങൾ റിപ്പയർ ചെയ്ത് ഉപയോഗിക്കുന്നതിന് സാധിക്കുകയില്ലായെന്ന വിദഗ്ധാഭിപ്രായത്തിന്റെ (റെയ്ഡ്കോ) അടിസ്ഥാനത്തിൽ ടി ആഡിറ്റ് പരാമർശം ഒഴിവാക്കിത്തരുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27.07.2010-ലെ 135/10-11 നമ്പർ തീരുമാനപ്രകാരം ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് സമർപ്പിക്കുന്നു.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**3.33.3** അഞ്ച് മെതിയന്ത്രങ്ങൾ റിപ്പയർ ചെയ്ത് ഉപയോഗിക്കാൻ സാധിക്കില്ല എന്ന റെയ്ഡ്കോയുടെ വിദഗ്ദ്ധാഭിപ്രായം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത്**

ഖണ്ഡിക 181

**ശിപാർശ**

**3.34.1** വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**3.34.2** നിയമസഭാ സമിതി ടി പരാമർശം ഒഴിവാക്കിയതായി ശിപാർശ ചെയ്തിട്ടുണ്ട്. വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 26.11.2015-ലെ എ 2/1020/2008 നമ്പർ കത്ത് പ്രകാരം സമിതി ശിപാർശ അറിയിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**3.34.3** ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 03.08.2016-ലെ കെ.എസ്.എ.-എ.എൽ.പി.-ജി.എ 3-679/16-ാം നമ്പർ കത്ത് പ്രകാരം ഖണ്ഡികയിലെ പരാമർശം ഒഴിവാക്കിയതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

**പുന്നപ്ര (തെക്ക്) ഗ്രാമപഞ്ചായത്ത്**

ഖണ്ഡിക 193

**ശിപാർശ**

**3.35.1** ഒരു പഞ്ചായത്തിലെ പദ്ധതിയ്ക്കായി അനുവദിച്ച തുക പ്രസ്തുത പഞ്ചായത്തിന്റെ അറിവോ സമ്മതമോ കൂടാതെ മറ്റ് പഞ്ചായത്തുകൾക്ക് നൽകുന്നതിന് നിർവ്വഹണ ഏജൻസിയ്ക്ക് അധികാരമില്ലെന്ന് സമിതി വിലയിരുത്തി. എന്നിരുന്നാലും തുക മുഴുവൻ വിനിയോഗിച്ചതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള മേൽ നടപടി ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**3.35.2** നിയമസഭാ സമിതി ടി പരാമർശം ഒഴിവാക്കിയതായി ശിപാർശ ചെയ്തിട്ടുണ്ട്. പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 26.11.2015-ലെ എ 2/1020/2008 നമ്പർ കത്ത് പ്രകാരം സമിതി ശിപാർശ അറിയിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**3.35.3** ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 03.08.2016-ലെ കെ.എസ്.എ.-എ.എൽ.പി.-ജി.എ 3-679/16-ാം നമ്പർ കത്ത് പ്രകാരം ഖണ്ഡികയിലെ പരാമർശം ഒഴിവാക്കിയതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

**തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്**

ഖണ്ഡിക 198

**ശിപാർശ**

**3.36.1** തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു

**സർക്കാർ സ്വീകരിച്ച നടപടി**

**3.36.2** നിയമസഭാ സമിതി ടി പരാമർശം ഒഴിവാക്കിയതായി ശിപാർശ ചെയ്തിട്ടുണ്ട്. തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 26.11.2015-ലെ എ 2/1020/2008 നമ്പർ കത്ത് പ്രകാരം സമിതി ശിപാർശ അറിയിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനക്കുറിപ്പ്**

**3.36.3** ആലപ്പുഴ ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 03.08.2016-ലെ കെ.എസ്.എ.-എ.എൽ.പി.-ജി.എ 3-679/16-ാം നമ്പർ കത്ത് പ്രകാരം ഖണ്ഡികയിലെ പരാമർശം ഒഴിവാക്കിയതായി സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

## അദ്ധ്യായം - IV

## സർക്കാരിൽ നിന്ന് നാളിതുവരെ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്ത ശിപാർശകളും തുടർ ശിപാർശകളും

**നീലംപേരൂർ ഗ്രാമപഞ്ചായത്ത്**

ഖണ്ഡിക 147

**ശിപാർശ**

**4.1.1** സമ്പൂർണ്ണ ശുചിത്വ പദ്ധതിയുടെ ഭാഗമായി നടത്തിയ പദ്ധതിയെ സംബന്ധിച്ചുള്ള നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു

**തുടർശിപാർശ**

**4.1.2 ശിപാർശ ഖണ്ഡികയിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**നീലംപേരൂർ ഗ്രാമപഞ്ചായത്ത്**

ഖണ്ഡിക 155

**ശിപാർശ**

4.2.1 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**തുടർശിപാർശ**

**4.2.2 ശിപാർശ ഖണ്ഡികയിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**ടി.പി.രാമകൃഷ്ണൻ ,**

**അദ്ധ്യക്ഷൻ ,**

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി**

**തിരുവനന്തപുരം**

**2023 ആഗസ്റ്റ് 10**

# അനുബന്ധം -I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നം. | ഖണ്ഡിക | വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2.1.4 | തദ്ദേശസ്വയം ഭരണ വകുപ്പ് | ശ്രീമതി ഉഷാകുമാരിയിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും ബന്ധപ്പെട്ട മറ്റുള്ളവരിൽ നിന്നും തുക ഈടാക്കിയിട്ടുണ്ടെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ശ്രീമതി ഉഷാകുമാരിയിൽ നിന്നും കൂടി തുക ഈടാക്കി ട്രഷറി ഹെഡിലേയ്ക്ക് തിരിച്ചടക്കുന്നതിനും ആയത് ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 2.2.5 | തദ്ദേശസ്വയം ഭരണ വകുപ്പ് | വീടുകൾ പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കിയിട്ടില്ലെന്ന ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിൽ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 2.3.4 | തദ്ദേശസ്വയം ഭരണ വകുപ്പ് | ഓഡിറ്റ് പരാമർശം സംബന്ധിച്ച കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ടും കേസ് നടപടി ത്വരിതപ്പെടുത്തി അന്തിമ റിപ്പോർട്ടും ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 4 | 2.4.6 | തദ്ദേശസ്വയം ഭരണ വകുപ്പ് | മുൻ സെക്രട്ടറി എം.യു.മത്തായിയുടെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കിയ തുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് വരവ് വെച്ച് അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 2.5.6 | തദ്ദേശസ്വയം ഭരണ വകുപ്പ് | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 2.6.15 | തദ്ദേശസ്വയം ഭരണ വകുപ്പ് | വ്യക്തിവിരോധത്തിന്റെ പേരിൽ സർക്കാർ നടപടിക്രമങ്ങൾ തടസ്സപ്പെടുത്തുന്നത് ഗുരുതരമായ കൃത്യവിലോപമാണെന്ന് സമിതി വിലയിരുത്തുന്നു. കൃഷി ഓഫീസറായിരുന്ന ശ്രീ. കെ. ഐ. അനി സ്ഥലം മാറിപ്പോയതിന് ശേഷം ചാർജ്ജെടുത്ത കൃഷി ഓഫീസർമാർ അസിസ്റ്റന്റ് ഡയറക്ടറുടെ നിർദ്ദേശത്തെത്തുടർന്ന് ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാതിരുന്നത് സംബന്ധിച്ച് കൃഷി വകുപ്പ് വിശദമായ വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് നൽകണമെന്നും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ മേൽ വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോടും സമിതി നിർദ്ദേശിക്കുന്നു. |
| 7 | 2.9.7 | തദ്ദേശസ്വയം ഭരണ വകുപ്പ് | ആറാട്ടുപുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ശിപാർശ ഖണ്ഡികകൾ 202, 203, 206, 210 എന്നിവയിന്മേൽ സമിതി ആരാഞ്ഞ അധിക |

ക്ല 61

| | | | |
|---|---|---|---|
| | | | വിവരങ്ങൾക്ക് തെളിവെടുപ്പ് വേളയിലും വ്യക്തമായ വിവരം നൽകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവും അന്തിമവുമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 4.1.2 | തദ്ദേശസ്വയം ഭരണ വകുപ്പ് | ശിപാർശ ഖണ്ഡികയിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 4.2.2 | തദ്ദേശസ്വയം ഭരണ വകുപ്പ് | ശിപാർശ ഖണ്ഡികയിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |